158

കേന്ദ്ര ഗവൺമെന്റ്
നിയമ ന്യായ കമ്പനി മന്ത്രാലയം

# ഏററവും കുറഞ്ഞ കൂലി ആക്ററ്, 1948

**(1948-ലെ 11)**

(1976 ഫെബ്രുവരി 2-ാം തീയതിവരെ
രൂപഭേദപ്പെടുത്തിയ പ്രകാരം)

യൂണിയൻ ഗവൺമെന്റിനുവേണ്ടി കേരള ഗവൺമെന്റ് പ്രസ് സൂപ്രണ്ട്
തിരുവനന്തപുരം ഗവൺമെന്റ് പ്രസ്സിൽ അച്ചടിച്ച്
പ്രസിദ്ധീകരിക്കുന്നത്
1976

വില :

കേന്ദ്ര ഗവൺമെൻറ്

നിയമ ന്യായ കമ്പനി മന്ത്രാലയം

# ഏററവും കുറഞ്ഞ കൂലി ആക്ററ്, 1948

## (1948–ലെ 11)

(1976 ഫെബ്രുവരി 2–ാം തീയതിവരെ
രൂപഭേദപ്പെടുത്തിയ പ്രകാരം)

യൂണിയൻ ഗവൺമെൻറിനുവേണ്ടി കേരള ഗവൺമെൻറ് പ്രസ് സൂപ്രണ്ട്
തിരുവനന്തപുരം ഗവൺമെൻറ് പ്രസ്സിൽ അച്ചടിച്ച്
പ്രസിദ്ധീകരിക്കുന്നത്

1976

# ഏററവും കുറഞ്ഞ കൂലി ആക്ററ്, 1948

## വകുപ്പുകളുടെ വിന്യാസം

വകുപ്പുകൾ


1. ചുരുക്കപ്പേരും വ്യാപ്തിയും.
2. വ്യാഖ്യാനം.
3. ഏററവും കുറഞ്ഞ കൂലിനിരക്കുകൾ നിജപ്പെടുത്തുന്നത്.
4. ഏററവും കുറഞ്ഞ കൂലിനിരക്ക്.
5. ഏററവും കുറഞ്ഞ കൂലി നിജപ്പെടുത്തുകയും പുതുക്കുകയുംചെയ്യുന്നതിനുള്ള നടപടിക്രമം.
6. [റദ്ദാക്കപ്പെട്ടു.]
7. ഉപദേശക ബോർഡ്.
8. കേന്ദ്ര ഉപദേശക ബോർഡ്.
9. കമ്മിററികൾ മുതലായവ ആരെല്ലാം അടങ്ങിയതായിരിക്കണമെന്ന്.
10. തെററുകൾ തിരുത്തുന്നത്
11. സാധനമായുള്ള കൂലി.
12. ഏററവും കുറഞ്ഞ കൂലിനിരക്കുകൾ കൊടുക്കുന്നത്.
13. ഒരു സാധാരണ പ്രവൃത്തിദിവസത്തിനുള്ള മണിക്കൂറുകൾ നിജപ്പെടുത്തുന്നതും മററും.
14. ഓവർടൈം.
15. സാധാരണ പ്രവൃത്തിദിവസത്തിനും കുറവായി പ്രവൃത്തിചെയ്യുന്ന ജോലിക്കാരൻെറ കൂലി.
16. രണ്ടോ അതിലധികമോ തരം പ്രവൃത്തികൾക്കുള്ള കൂലി.
17. പീസ്‌വർക്കിനുള്ള ഏററവും കുറഞ്ഞ ടൈം നിരക്കു കൂലി.
18. രജിസ്ററുകളും റിക്കാർഡുകളും വച്ചുപോരുന്നത്.
19. ഇൻസ്പെക്ററർമാർ.
20. അവകാശവാദങ്ങൾ.
21. അനേകം ജോലിക്കാരെ സംബന്ധിച്ച ഒററ അപേക്ഷ.
22. ചില കുററങ്ങൾക്കുള്ള ശിക്ഷകൾ.

22 ക. മററു കുററങ്ങളുടെ ശിക്ഷയ്ക്കുള്ള സാമാന്യവ്യവസ്ഥ.

22 ഖ. കുററങ്ങൾ നടപടിക്കെടുക്കൽ.

22 ഗ. കമ്പനികളാലുള്ള കുററങ്ങൾ.

22 ഘ. ജോലിക്കാർക്ക് കിട്ടാനുള്ളതും കൊടുത്തിട്ടില്ലാത്തതുമായ തുകകൾ കൊടുക്കുന്നത്.

22 ങ. ഗവൺമെൻറ് വശമുള്ള, നിയോജകൻെറ ആസ്തികൾ ജപ്തിക്കെതിരായുള്ള സംരക്ഷണം.

22 ച. പട്ടിക നിയോജനങ്ങൾക്ക് കൂലികൊടുക്കൽ ആക്ററ്, 1936 ബാധകമാകുന്നത്.

23. ചിലസംഗതികളിൽ നിയോജകനെ ബാദ്ധ്യതയിൽനിന്ന് ഒഴിവാക്കൽ.
24. വ്യവഹാരതടസ്സം.
25. കാൺട്രാക്റ്റുവഴി ഒഴിഞ്ഞുമാറൽ.
26. ഒഴിവാക്കലുകളും അപവാദങ്ങളും.
27. പട്ടികയിൽ ചേർക്കുന്നതിന് സ്റ്റേററ് ഗവൺമെൻറിനുള്ള അധികാരം.
28. നിദേശങ്ങൾ നല്കാൻ കേന്ദ്രഗവൺമെൻറിനുള്ള അധികാരം.
29. ചട്ടങ്ങൾ ഉണ്ടാക്കാൻ കേന്ദ്രഗവൺമെൻറിനുള്ള അധികാരം.
30. ചട്ടങ്ങൾ ഉണ്ടാക്കാൻ സമുചിതഗവൺമെൻറിനുള്ള അധികാരം.
30 ക. കേന്ദ്രഗവൺമെൻറുണ്ടാക്കുന്ന ചട്ടങ്ങൾ പാർലമെൻറ് മുമ്പാകെ വയ്ക്കണമെന്ന്.
31. ചില ഏററവും കുറഞ്ഞകൂലിനിരക്കുകൾ നിജപ്പെടുത്തിയത് സാധുവാക്കൽ.

പട്ടിക.

# ഏററവും കുറഞ്ഞ കൂലി ആക്ററ്, 1948

## (1948–ലെ 11)

[1948 മാർച്ച്, 15]

**ചില നിയോജനങ്ങളിൽ ഏററവും കുറഞ്ഞ കൂലി നിരക്കുകൾക്ക് വ്യവസ്ഥചെയ്യുന്നതിനുള്ള ആക്ററ്.**

ചില നിയോജനങ്ങളിൽ ഏററവും കുറഞ്ഞ കൂലി നിരക്കുകൾക്ക് വ്യവസ്ഥചെയ്യുന്നത് സമിചിനമായിരിക്കയാൽ;

ഇതിനാൽ താഴെപറയും പ്രകാരം അധിനിയമം ചെയ്തിരിക്കുന്നു:—

1. ചുരുക്കപ്പേരും വ്യാപ്തിയും.—(1) ഈ ആക്ററിന് ഏററവും കുറഞ്ഞ കൂലി ആക്ററ്, 1948 എന്നു പേർ പറയാവുന്നതാണ്.

(2) ഇത് ഇൻഡ്യ മുഴുവൻ വ്യാപിക്കുന്നതാണ്.

2. വ്യാഖ്യാനം.—ഈ ആക്ററിൽ വിഷയത്തിനോ സന്ദർഭത്തിനോ വിരുദ്ധമായി എന്തെങ്കിലും ഇല്ലാത്തപക്ഷം,—

(ക) ''പ്രായപൂർത്തി ആയ ആൾ'', ''പ്രായപൂർത്തിയാകാററായ ആൾ'', ''കുട്ടി'' എന്നീ വാക്കുകൾക്ക്, ഫാക്ററി ആക്ററ്, 1948 (1948–ലെ 63) –ന്റെ 2–ാം വകുപ്പിൽ അവയ്ക്ക് നല്കിയിട്ടുള്ള അർത്ഥം ഉണ്ടായിരിക്കുന്നതാണ്.

(ഖ) ''സമുചിത ഗവൺമെൻറി''ന്—

(i) കേന്ദ്രഗവൺമെൻറിന്റേയോ റയിൽവേ ഭരണത്തിന്റേയോ പ്രാധികാരത്തിൻകീഴിൽ നടത്തിക്കൊണ്ടുപോകുന്ന ഏതെങ്കിലും പട്ടിക നിയോജനം സംബന്ധിച്ചോ, അല്ലെങ്കിൽ ഖനിയോ, എണ്ണപ്പാടമോ, വൻകിട തുറമുഖമോ, ഒരു കേന്ദ്ര ആക്ററിനാൽ സ്ഥാപിക്കപ്പെട്ടിട്ടുള്ള ഏതെങ്കിലും ഏകാംഗയോഗമോ സംബന്ധിച്ചോ, കേന്ദ്രഗവൺമെൻറ് എന്നും;

(ii) മറേറതെങ്കിലും പട്ടിക നിയോജനം സംബന്ധിച്ച്, സ്റേററ് ഗവൺമെൻറ് എന്നും,

അർത്ഥമാകുന്നു.

(ഗ) ''ക്ഷമതയുള്ള അധികാരസ്ഥാന''ത്തിന്, സമുചിതഗവൺമെൻറ് ഔദ്യോഗികഗസററിൽ വിജ്ഞാപനം വഴി, അങ്ങനെയുള്ള വിജ്ഞാപനത്തിൽ വിനിർദ്ദേശിക്കുന്ന പട്ടിക നിയോജനങ്ങളിൽ നിയോജിക്കപ്പെടുന്ന ജോലിക്കാർക്ക് ബാധകമാകുന്ന ജീവിതച്ചെലവ് സൂചിക നമ്പർ, അതതുസമയം, തിട്ടപ്പെടുത്താൻ നിയമിക്കുന്ന അധികാരസ്ഥാനം എന്നർത്ഥമാകുന്നു;

(ഘ) ''ജീവിതച്ചെലവ് സൂചിക നമ്പരി''ന്, ഏത് പട്ടിക നിയോജനം സംബന്ധിച്ചാണോ ഏററവും കുറഞ്ഞ കൂലി നിരക്കുകൾ നിജപ്പെടുത്തിയിട്ടുള്ളത്, അങ്ങനെയുള്ള ഏതെങ്കിലും പട്ടിക നിയോജനത്തിലെ ജോലിക്കാരെ സംബന്ധിച്ച്, ക്ഷമതയുള്ള അധികാരസ്ഥാനം തിട്ടപ്പെടുത്തുകയും, അങ്ങനെയുള്ള നിയോജനത്തിൽ ജോലിക്കാർക്ക് ബാധകമായ ജീവിതച്ചെലവ് സൂചിക നമ്പരാണെന്ന് ഔദ്യോഗികഗസററിൽ വിജ്ഞാപനം വഴി പ്രഖ്യാപിക്കുകയും ചെയ്യുന്ന സൂചികനമ്പരെന്ന് അർത്ഥമാകുന്നു.

(ങ) ''നിയോജക''ന്, ഏതു പട്ടിക നിയോജനം സംബന്ധിച്ചാണോ ഈ ആക്ററിൻകീഴിൽ ഏററവും കുറഞ്ഞ കൂലിനിരക്കുകൾ നിജപ്പെടുത്തിയിട്ടുള്ളത്, അങ്ങനെയുള്ള ഏതെങ്കിലും പട്ടിക നിയോജനത്തിലെ ഒന്നോ അതിലധികമോ ജോലിക്കാരെ നേരിട്ടോ അല്ലെങ്കിൽ തനിക്കു വേണ്ടിയോ മറേറതെങ്കിലും ആൾക്കു വേണ്ടിയോ ആയാലും, നിയോജിക്കുന്ന ഏതെങ്കിലും ആൾ എന്ന് അർത്ഥമാകുന്നതും, അതിൽ 26–ാം വകുപ്പിലെ (3)–ാം ഉപവകുപ്പ് ഒഴികെ—

(i) ഏതു പട്ടിക നിയോജനം സംബന്ധിച്ചാണോ ഈ ആക്ററിനു കീഴിൽ ഏററവും കുറഞ്ഞ കൂലി നിരക്കുകൾ നിജപ്പെടുത്തിയിട്ടുള്ളത്, അങ്ങനെയുള്ള ഏതെങ്കിലും പട്ടിക നിയോജനം നടത്തിക്കൊണ്ടുപോകുന്ന ഫാക്ടറിയിൽ, ഫാക്ടറി ആക്റ്റ്, 1948 (1948–ലെ 68) 7–ാം വകുപ്പ് (1)–ാം ഉപവകുപ്പിലെ (ച) ഖണ്ഡത്തിൻകീഴിൽ, ഫാക്ടറിയുടെ മാനേജർ എന്നു പേർ പറയപ്പെടുന്ന ഏതെങ്കിലും ആളും;

(ii) ഇൻഡ്യയിലെ ഏതെങ്കിലും ഗവൺമെൻറിൻെറ നിയന്ത്രണത്തിൻകീഴിലുള്ള ഏതു പട്ടിക നിയോജനം സംബന്ധിച്ചാണോ ഈ ആക്ററിൻകീഴിൽ ഏററവും കുറഞ്ഞ കൂലി നിരക്കുകൾ നിജപ്പെടുത്തിയിട്ടുള്ളത്, അങ്ങനെയുള്ള ഏതെങ്കിലും പട്ടിക നിയോജനത്തിൽ അങ്ങനെയുള്ള ഗവൺമെൻറ്, ജോലിക്കാരുടെ മേൽനോട്ടത്തിനും നിയന്ത്രണത്തിനുമായി നിയമിക്കുന്ന ആളോ അധികാരസ്ഥാനമോ, അല്ലെങ്കിൽ അപ്രകാരം ആളേയോ അധികാരസ്ഥാനത്തേയോ നിയമിച്ചിട്ടില്ലാത്തിടത്ത്, വകുപ്പിൻെറ അദ്ധ്യക്ഷനും;

(iii) ഏതെങ്കിലും തദ്ദേശാധികാരസ്ഥാനത്തിൻെറ കീഴിലുള്ള ഏതു പട്ടിക നിയോജനം സംബന്ധിച്ചാണോ ഈ ആക്ററിൻകീഴിൽ കൂലിയുടെ ഏററവും കുറഞ്ഞ നിരക്കുകൾ നിജപ്പെടുത്തിയിട്ടുള്ളത്, അങ്ങനെയുള്ള ഏതെങ്കിലും നിയോജനത്തിൽ അങ്ങനെയുള്ള അധികാരസ്ഥാനം ജോലിക്കാരുടെ മേൽനോട്ടത്തിനും നിയന്ത്രണത്തിനുമായി നിയമിക്കുന്ന ആളോ, അപ്രകാരം ആളെ നിയമിച്ചിട്ടില്ലാത്തിടത്ത്, തദ്ദേശാധികാരസ്ഥാനത്തിൻെറ മുഖ്യ നിർവാഹകോദ്യോഗസ്ഥനും;

(iv) ഏതു പട്ടിക നിയോജനം സംബന്ധിച്ചാണോ ഈ ആക്ററിൻകീഴിൽ കൂലിയുടെ ഏററവും കുറഞ്ഞ നിരക്കുകൾ നിജപ്പെടുത്തിയിട്ടുള്ളത്, അങ്ങനെയുള്ള ഏതെങ്കിലും പട്ടിക നിയോജനം നടത്തിക്കൊണ്ടുപോകുന്ന മറേറതെങ്കിലും സംഗതിയിൽ, ജോലിക്കാരുടെ മേൽനോട്ടത്തിനും നിയന്ത്രണത്തിനും അല്ലെങ്കിൽ കൂലികൊടുക്കുന്നതിന് ഉടമസ്ഥനോട് ഉത്തരവാദപ്പെട്ട ഏതെങ്കിലും ആളും,

ഉൾപ്പെടുന്നതും ആകുന്നു.

(ച) ''നിർണ്ണയിക്കപ്പെടുന്ന'' എന്നാൽ, ഈ ആക്ററിൻകീഴിൽ ഉണ്ടാക്കുന്ന ചട്ടങ്ങൾവഴി നിർണ്ണയിക്കപ്പെടുന്ന എന്നർത്ഥമാകുന്നു.

(ഛ) ''പട്ടികനിയോജന''ത്തിന്, പട്ടികയിൽ വിനിർദ്ദേശിക്കുന്ന നിയോജനമോ അല്ലെങ്കിൽ അങ്ങനെയുള്ള നിയോജനത്തിൻെറ ഭാഗമാകുന്ന ഏതെങ്കിലും പ്രക്രിയയോ പ്രവൃത്തിവിഭാഗമോ എന്ന് അർത്ഥമാകുന്നു.

(ജ) "കൂലി" എന്നാൽ, നിയോജനക്കാൺട്രാക്ററിലെ പ്രകടമോ വ്യംഗ്യമോ ആയ നിബന്ധനകൾ നിറവേററപ്പെടുന്നുവെങ്കിൽ നിയോജിക്കപ്പെടുന്ന ഒരാൾക്കു കൊടുക്കാനുണ്ടാകുന്നതും പണമായി പറയപ്പെടാൻ കഴിയുന്നതുമായ എല്ലാ വേതനവും എന്നർത്ഥമാകുന്നതും, അതിൽ വീട്ടുവാടക ബത്ത ഉൾപ്പെടുന്നതും, എന്നാൽ—

(i) (ക) ഏതെങ്കിലും ഭവനസൗകര്യത്തിൻേറയോ,വെളിച്ചമോ ജലമോ വൈദ്യസഹായമോ നല്കുന്നതിൻേറയോ; അല്ലെങ്കിൽ

(ഖ) സമുചിതഗവൺമെൻറിൻെറ സാമാന്യമോ പ്രത്യേകമോ ആയ ഉത്തരവുവഴി, ഒഴിച്ചുനിറുത്തിയിട്ടുള്ള മറേറതെങ്കിലും സൗകര്യത്തിൻേറയോ ഏതെങ്കിലും സേവനത്തിൻെറയോ,

മൂല്യമോ;

(ii) നിയോജകൻ ഏതെങ്കിലും പെൻഷൻ ഫണ്ടിലേയ്ക്കോ, പ്രാവിഡൻറ് ഫണ്ടിലേയ്ക്കോ അല്ലെങ്കിൽ ഏതെങ്കിലും സാമൂഹ്യ ഇൻഷ്വറൻസ് പദ്ധതിയിൻകീഴിലോ കൊടുക്കുന്ന ഏതെങ്കിലും അംശദായമോ;

(iii) ഏതെങ്കിലും യാത്രാബത്തയോ ഏതെങ്കിലും യാത്രാസൗജന്യത്തിൻെറ മൂല്യമോ;

(iv) നിയോജിക്കപ്പെട്ട ആൾക്ക് തൻെറ നിയോജനത്തിൻെറ പ്രകൃതം ആവശ്യമാക്കിത്തീർത്തിട്ടുള്ള പ്രത്യേക ചെലവുകൾ നേരിടുന്നതിന് കൊടുക്കുന്ന ഏതെങ്കിലും തുകയോ;

(v) ഡിസ്ചാർജ് ചെയ്യുന്നതിൻമേൽ കൊടുക്കേണ്ട ഏതെങ്കിലും ഗ്രാററുവിററിയോ;

ഉൾപ്പെടുന്നതല്ലാത്തതും ആകുന്നു.

(ഝ) "ജോലിക്കാരൻ" എന്ന്,ഏത് പട്ടിക നിയോജനം സംബന്ധിച്ചാണോ, ഏററവും കുറഞ്ഞ കൂലിനിരക്കുകൾ നിജപ്പെടുത്തിയിട്ടുള്ളത്, അങ്ങനെയുള്ള പട്ടിക നിയോജനത്തിൽ കൂലിയ്ക്കോ പ്രതിഫലത്തിൻമേലോ വിദഗ്ദ്ധമോ അവിദഗ്ദ്ധമോ ശാരീരികമോ ക്ലാർക്കിൻേറതോ ആയ ഏതെങ്കിലും പ്രവൃത്തി ചെയ്യാൻ നിയോജിക്കപ്പെട്ട ഏതെങ്കിലും ആൾ എന്ന് അർത്ഥമാകുന്നതും, അതിൽ ഏത് പുറംപ്രവൃത്തിക്കാരനാണോ, മറെറാരാൾ തൻെറ വ്യാപാരത്തിൻെറയോ ബിസിനസ്സിൻേറയോ ആവശ്യങ്ങൾക്കായി ഏതെങ്കിലും സാധനങ്ങളോ പദാർത്ഥങ്ങളോ വില്പനയ്ക്കുവേണ്ടി സജ്ജീകരിക്കുകയോ വൃത്തിയാക്കുകയോ, കഴുകുകയോ, വ്യത്യാസപ്പെടുത്തുകയോ, അലങ്കരിക്കുകയോ, മിനുക്കുപണി ചെയ്യുകയോ, റിപ്പയർ ചെയ്യുകയോ, അനുരൂപമാക്കുകയോ, അല്ലെങ്കിൽ മററ് പ്രക്രിയക്ക് വിധേയമാക്കുകയോ ചെയ്യാനായി, ആ പ്രക്രിയ പുറംപ്രവൃത്തിക്കാരൻെറ വീട്ടിൽ വച്ചോ അല്ലെങ്കിൽ മററാളുടെ നിയന്ത്രണത്തിനോ മാനേജുമെൻറിനോ കീഴിൽ ഉള്ളതല്ലാത്ത മററ് വല്ല കെട്ടിടപരിസരങ്ങളിൽവച്ചോ ചെയ്യാനുള്ളതായിരിക്കുന്നിടത്ത് നല്കുന്നത്, അങ്ങനെയുള്ള പുറംപ്രവൃത്തിക്കാരൻ ഉൾപ്പെടുന്നതും; സമുചിതഗവൺമെൻറ് ജോലിക്കാരനായി പ്രഖ്യാപിക്കുന്ന ജോലിക്കാരൻകൂടി ഉൾപ്പെടുന്നതും; എന്നാൽ യൂണിയൻെറ സായുധ സേനകളിലെ ഏതെങ്കിലും അംഗം ഉൾപ്പെടുന്നതല്ലാത്തതും ആകുന്നു.

3. <u>ഏററവും കുറഞ്ഞകൂലി നിരക്കുകൾ നിജപ്പെടുത്തുന്നത്</u>.—(1) സമുചിതഗവൺമെൻറ് ഇതിൽ ഇതനുശേഷം വ്യവസ്ഥചെയ്യുന്ന രീതിയിൽ—

(ക) പട്ടികയിലെ I-ാം ഭാഗത്തിലോ II-ാം ഭാഗത്തിലോ വിനിർദ്ദേശിക്കുന്ന നിയോജനത്തിലും, ഈ ഭാഗങ്ങളിലേതിലെങ്കിലും 27-ാം വകുപ്പിൻ

കീഴിൽ വിജ്ഞാപനംവഴി കൂട്ടിച്ചേർക്കുന്ന നിയോജനത്തിലും, നിയോജിക്കപ്പെടുന്ന ജോലിക്കാർക്ക് കൊടുക്കേണ്ട ഏററവും കുറഞ്ഞകൂലി നിരക്കുകൾ നിജപ്പെടുത്തേണ്ടതും;—

എന്നാൽ, സമുചിതഗവൺമെൻറിന്, പട്ടിക II-ാം ഭാഗത്ത് വിനിർദ്ദേശിക്കുന്ന നിയോജനത്തിൽ നിയോജിക്കപ്പെട്ടിട്ടുള്ള ജോലിക്കാരെ സംബന്ധിച്ച് ഏററവും കുറഞ്ഞ കൂലിനിരക്കുകൾ ഈ ഖണ്ഡത്തിൻകീഴിൽ മുഴുവൻ സ്റേററിലേക്കായി നിജപ്പെടുത്തുന്നതിനുപകരം, അങ്ങനെയുള്ള നിരക്കുകൾ സ്റേററിൻെറ ഒരു ഭാഗത്തേക്കായോ, അല്ലെങ്കിൽ മുഴുവൻ സ്റേററിലോ അതിൻെറ ഭാഗത്തിലോ ഏതെങ്കിലും വിനിർദ്ദേശിക്കപ്പെടുന്ന തരത്തിലോ തരങ്ങളിലോ പെട്ട അങ്ങനെയുള്ള നിയോജനങ്ങൾക്കായോ നിജപ്പെടുത്താവുന്നതാണ്—

(ഖ) തക്കതാണെന്ന് കരുതുന്നതും അഞ്ചുവർഷത്തിൽ കവിയാത്തതുമായ ഇടവേളകൾ വിട്ട്, അപ്രകാരം നിജപ്പെടുത്തിയിട്ടുള്ള ഏററവും കുറഞ്ഞ കൂലി നിരക്കുകൾ പുന:പരിശോധിക്കുകയും, ആവശ്യമുണ്ടെങ്കിൽ ഏററവും കുറഞ്ഞ കൂലി നിരക്കുകൾ പുതുക്കുകയും ചെയ്യേണ്ടതും;

ആകുന്നു:

എന്നാൽ, ഏതെങ്കിലും കാരണത്താൽ, സമുചിതഗവൺമെൻറ് ഏതെങ്കിലും പട്ടിക നിയോജനം സംബന്ധിച്ച്, അത് നിജപ്പെടുത്തിയിട്ടുള്ള ഏററവും കുറഞ്ഞകൂലി നിരക്കുകൾ അഞ്ചുവർഷത്തെ ഇടവേളയ്ക്കുള്ളിൽ പുന:പരിശോധന ചെയ്തിട്ടില്ലാത്തിടത്ത്, ഈ ഖണ്ഡത്തിൽ അടങ്ങിയ യാതൊന്നും, മുൻപറഞ്ഞ അഞ്ചുവർഷത്തെ കാലം കഴിഞ്ഞതിനുശേഷം, ഏററവും കുറഞ്ഞ കൂലി നിരക്കുകൾ പുന:പരിശോധനചെയ്യുകയും ആവശ്യമുണ്ടെങ്കിൽ അവ പുതുക്കുകയും ചെയ്യുന്നതിൽ നിന്ന് സമുചിതഗവൺമെൻറിനെ തടസ്സപ്പെടുത്തുന്നതായി കരുതപ്പെടുന്നതല്ലാത്തതും, അപ്രകാരം അവ പുതുക്കുന്നതുവരെ, മുൻപറഞ്ഞ അഞ്ചുവർഷത്തെ കാലം കഴിയുന്നതിന് തൊട്ടുമുമ്പ് പ്രാബല്യത്തിലിരുന്ന ഏററവും കുറഞ്ഞനിരക്കുകൾ പ്രാബല്യത്തിൽ തുടരുന്നതും ആകുന്നു.

(1ക) (1)-ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഏത് പട്ടിക നിയോജനത്തിലാണോ മുഴുവൻ സ്റേററിലുമായി ആയിരത്തിൽ കുറഞ്ഞ ജോലിക്കാർ ഏർപ്പെട്ടിരിക്കുന്നത്, അങ്ങനെയുള്ള ഏതെങ്കിലും പട്ടിക നിയോജനം സംബന്ധിച്ച സമുചിതഗവൺമെൻറിന് ഏററവും കുറഞ്ഞ കൂലി നിരക്കുകൾ നിജപ്പെടുത്താതിരിക്കാവുന്നതും, സമുചിതഗവൺമെൻറ്, ഇതിലേക്കായി അത് ചെയ്യുന്നതോ ചെയ്യിക്കുന്നതോ ആയ അന്വേഷണവിചാരണയ്ക്കുശേഷം, ഏത് പട്ടിക നിയോജനം സംബന്ധിച്ചാണോ, അത് ഏററവും കുറഞ്ഞ കൂലിനിരക്കുകൾ നിജപ്പെടുത്താതിരുന്നിട്ടുള്ളത്, ആ പട്ടിക നിയോജനത്തിലെ ജോലിക്കാരുടെ എണ്ണം ആയിരമോ, അതിലധികമോ ആയി വർദ്ധിച്ചിട്ടുണ്ടെന്നുള്ള തീർപ്പിലെത്തുന്ന ഏതെങ്കിലും സമയത്ത്, അങ്ങനെയുള്ള തീർപ്പിനുശേഷം ആകുന്ന ത്വരവേഗത്തിൽ, അങ്ങനെയുള്ള നിയോജനത്തിൽ ജോലിക്കാർക്ക് കൊടുക്കേണ്ട ഏററവും കുറഞ്ഞ കൂലിനിരക്കുകൾ നിജപ്പെടുത്തേണ്ടതും ആകുന്നു.

(2) സമുചിതഗവൺമെൻറിന്—

(ക) ടൈംവർക്കിനുള്ള ഏററവും കുറഞ്ഞ കൂലിനിരക്കും, (ഇതിൽ ഇതിനുശേഷം "ഏററവും കുറഞ്ഞ ടൈംനിരക്ക്" എന്നു പരാമർശിക്കുന്നത്);

(ഖ) പീസ്‌വർക്കിനുള്ള ഏററവും കുറഞ്ഞ കൂലിനിരക്കും, (ഇതിൽ ഇതിനുശേഷം "ഏററവും കുറഞ്ഞ പീസ്‌നിരക്ക്" എന്ന് പരാമർശിക്കുന്നത്);

(ഗ) പീസ്‌വർക്കിൻമേൽ നിയോജിക്കപ്പെടുന്ന ജോലിക്കാരുടെ സംഗതിയിൽ, അങ്ങനെയുള്ള ജോലിക്കാർക്ക് റൈറംവർക്ക് അടിസ്ഥാനത്തിൽ ഏററവും കുറഞ്ഞ കൂലിനിരക്കുകൾ ഉറപ്പുവരുത്തുന്നതിനുവേണ്ടി ബാധകമാകേണ്ട ഫലത്തിൻെറ ഏററവും കുറഞ്ഞ വേതന നിരക്കും, (ഇതിൽ ഇതിനു ശേഷം "ഗാറൻറിയുള്ള റൈറം നിരക്ക്" എന്ന് പരാമർശിക്കുന്നത്);

(ഘ) ജോലിക്കാർ ചെയ്യുന്ന ഓവർറൈറം പ്രവൃത്തി സംബന്ധിച്ച്, മററുവിധത്തിലാണെങ്കിൽ ബാധകമാകുന്ന ഏററവും കുറഞ്ഞ കൂലിനിരക്കിന് പകരമായി ബാധകമാകേണ്ട ഏററവും കുറഞ്ഞ നിരക്കും (റൈറം നിരക്കോ, പീസ് നിരക്കോ ആയാലും) (ഇതിൽ ഇതിനുശേഷം "ഓവർറൈറം നിരക്ക്" എന്ന് പരാമർശിക്കുന്നത്);

നിജപ്പെടുത്താവുന്നതാണ്.

(2ക) ഒരു പട്ടിക നിയോജനത്തിൽ നിയോജിക്കപ്പെട്ടിട്ടുള്ള ജോലിക്കാരിൽ ആർക്കെങ്കിലും കൊടുക്കേണ്ട കൂലിനിരക്കുകളെക്കുറിച്ചുള്ള ഒരു വ്യാവസായികത്തർക്കം സംബന്ധിച്ച ഏതെങ്കിലും നടപടി, വ്യാവസായികത്തർക്ക ആക്ററ്, 1947 (1947-ലെ 14)-ൻ കീഴിൽ ട്രിബ്യൂണലിൻേറയോ, നാഷണൽ ട്രിബ്യൂണലിൻേറയോ മുമ്പാകെയോ, അല്ലെങ്കിൽ തൽസമയം പ്രാബല്യത്തിലുള്ള മറേറതെങ്കിലും നിയമത്തിൻകീഴിൽ ഏതെങ്കിലും സദൃശ അധികാരസ്ഥാനത്തിൻെറ മുമ്പാകെയോ, നിലവിലിരിക്കുകയോ, അല്ലെങ്കിൽ ഏതെങ്കിലും ട്രിബ്യൂണലോ, നാഷണൽ ട്രിബ്യൂണലോ അങ്ങനെയുള്ള അധികാരസ്ഥാനമോ നല്കിയ ഒരു അവാർഡ് പ്രവർത്തനത്തിലിരിക്കുകയോ ചെയ്യുകയും, അങ്ങനെയുള്ള നടപടി നിലവിലിരിക്കുമ്പോഴോ ആ അവാർഡ് പ്രവർത്തനത്തിലിരിക്കുമ്പോഴോ ആ പട്ടിക നിയോജനം സംബന്ധിച്ച് ഏററവും കുറഞ്ഞ കൂലിനിരക്കുകൾ നിജപ്പെടുത്തിക്കൊണ്ടോ പുതുക്കിക്കൊണ്ടോ വിജ്ഞാപനം പുറപ്പെടുവിക്കുകയും ചെയ്യുന്നിടത്ത്, ഈ ആക്ററിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, അപ്രകാരം നിജപ്പെടുത്തുകയോ പുതുക്കുകയോ ചെയ്തിട്ടുള്ളതോ ഏററവും കുറഞ്ഞ കൂലിനിരക്കുകൾ, ആ ജോലിക്കാർക്ക്, അതതു സംഗതിപോലെ, ആ നടപടി നിലവിലിരിക്കുകയും അതിൽ നല്കിയ അവാർഡ് പ്രവർത്തനത്തിലിരിക്കുകയും ചെയ്യുന്ന കാലത്തോ, അല്ലെങ്കിൽ വിജ്ഞാപനം അവാർഡ് പ്രവർത്തനത്തിലിരിക്കുന്ന കാലത്ത് പുറപ്പെടുവിച്ചിട്ടുള്ളിടത്ത്, ആ കാലത്തോ, ബാധകമാകുന്നതല്ലാത്തതും; അങ്ങനെയുള്ള നടപടിയോ അവാർഡോ, ആ പട്ടിക നിയോജനത്തിലുള്ള എല്ലാ ജോലിക്കാർക്കും കൊടുക്കേണ്ട കൂലിനിരക്കുകളെക്കുറിച്ചുള്ളതായിരിക്കുന്നിടത്ത്, മുൻപറഞ്ഞ കാലത്ത് ആ നിയോജനം സംബന്ധിച്ച് കൂലികളുടെ ഏററവും കുറഞ്ഞ കൂലി നിരക്കുകൾ നിജപ്പെടുത്തുകയോ പുതുക്കുകയോ ചെയ്യാൻ പാടില്ലാത്തതും ആകുന്നു.

(3) ഈ വകുപ്പിൻ കീഴിൽ ഏററവും കുറഞ്ഞ കൂലി നിരക്കുകൾ നിജപ്പെടുത്തുകയോ പുതുക്കുകയോ ചെയ്യുന്നതിൽ,—

(ക) (i) വ്യത്യസ്ത പട്ടിക നിയോജനങ്ങൾക്കും;

(ii) ഒരേ പട്ടിക നിയോജനത്തിൽ വ്യത്യസ്തതരം പ്രവൃത്തികൾക്കും;

(iii) പ്രായപൂർത്തി ആയവർക്കും, പ്രായപൂർത്തിയാകാത്തവർക്കും, കുട്ടികൾക്കും, അപ്രൻറിസുകൾക്കും;

(iv) വ്യത്യസ്ത പ്രദേശങ്ങൾക്കും,

വ്യത്യസ്തമായ ഏററവും കുറഞ്ഞകൂലി നിരക്കുകൾ നിജപ്പെടുത്താവുന്നതാണ്.

(ഖ) ഏററവും കുറഞ്ഞ കൂലി നിരക്കുകൾ താഴെപറയുന്ന കൂലിക്കാലാവധികളിൽ, അതായത്:—

(i) മണിക്കൂർവഴി,
(ii) ദിവസം വഴി,
(iii) മാസംവഴി, അല്ലെങ്കിൽ
(iv) നിർണ്ണയിക്കപ്പെടുന്ന മററു കൂടുതൽ കാലാവധി വഴി;

എന്നിവയിൽ ഒന്നോ അതിലധികമോ കൂലിക്കാലാവധി വഴി നിജപ്പെടുത്താവുന്നതും, അങ്ങനെയുള്ള നിരക്കുകൾ ദിവസം വഴിയായോ, മാസംവഴിയായോ നിജപ്പെടുത്തുന്നിടത്ത്, അതതു സംഗതിപോലെ, ഒരു മാസത്തേയ്ക്കോ അല്ലെങ്കിൽ ഒരു ദിവസത്തേയ്ക്കോ ഉള്ള കൂലികൾ കണക്കാക്കേണ്ടരീതി സൂചിപ്പിക്കാവുന്നതും ആണ്:

എന്നാൽ, കൂലി കൊടുക്കൽ ആക്ററ്, 1936 (1936-ലെ 4) 4-ാം വകുപ്പിൻ കീഴിൽ ഏതെങ്കിലും കൂലിക്കാലാവധി നിജപ്പെടുത്തിയിട്ടുള്ളിടത്ത്, ഏററവും കുറഞ്ഞകൂലി അതനുസരിച്ച് നിജപ്പെടുത്തേണ്ടതാകുന്നു.

4. ഏററവും കുറഞ്ഞ കൂലിനിരക്ക്.—(1) സമുചിതഗവൺമെൻറ്, 3-ാം വകുപ്പിൻകീഴിൽ പട്ടിക നിയോജനങ്ങൾ സംബന്ധിച്ച്, നിജപ്പെടുത്തുകയോ പുതുക്കുകയോ ചെയ്യുന്ന ഏതെങ്കിലും ഏററവും കുറഞ്ഞ കൂലിനിരക്ക്—

(i) ഒരു അടിസ്ഥാനകൂലിനിരക്കും, അങ്ങനെയുള്ള ജോലിക്കാർക്ക് ബാധകമാകുന്ന ജീവിതച്ചെലവ് സൂചിക നമ്പരിലുള്ള വ്യത്യാസങ്ങളോട് പ്രായോഗികമാകുന്നത്ര പൊരുത്തപ്പെടത്തക്കവണ്ണം സമുചിതഗവൺമെൻറ് നിദേശിക്കുന്ന ഇടവേളകൾ വിട്ടും, രീതിയിലും ശരിയാക്കപ്പെടുന്ന ഒരു നിരക്കിൽ (ഇതിൽ ഇതിനുശേഷം "ജീവിതച്ചെലവുബത്ത" എന്ന് പരാമർശിക്കുന്ന) ഒരു പ്രത്യേക ബത്തയും; അല്ലെങ്കിൽ

(ii) ജീവിതച്ചെലവ് ബത്തയോടുകൂടിയതോ അല്ലാത്തതോ ആയ ഒരു അടിസ്ഥാന കൂലിനിരക്കും, അവശ്യസാധനങ്ങൾ സൗജന്യനിരക്കിൽ നല്കാൻ പ്രാധികാരപ്പെടുത്തിയിട്ടുള്ളിടത്ത്, അതുസംബന്ധിച്ച സൗജന്യത്തിൻെറ പണമായിട്ടുള്ള മൂല്യവും; അല്ലെങ്കിൽ

(iii) അടിസ്ഥാനനിരക്കിനും, ജീവിതച്ചെലവുബത്തയ്ക്കും, സൗജന്യത്തിൻെറ പണമായിട്ടുള്ള മൂല്യവും വല്ലതുമുണ്ടെങ്കിൽ, അതിനും വകവച്ചുകൊണ്ട് ഒരു എല്ലാം ഉൾപ്പെടെയുള്ള നിരക്ക് അടങ്ങിയതാകാവുന്നതാണ്.

(2) ജീവിതച്ചെലവുബത്തയും അവശ്യ സാധനങ്ങൾ സൗജന്യനിരക്കിൽ നല്കുന്നതുസംബന്ധിച്ച സൗജന്യത്തിൻെറ പണമായിട്ടുള്ള മൂല്യവും, ക്ഷമതയുള്ള അധികാരസ്ഥാനം സമുചിതഗവൺമെൻറ് വിനിർദ്ദേശിക്കുകയോ നല്കുകയോ ചെയ്യുന്ന ഇടവേളകൾ വിട്ടും, നിർദ്ദേശങ്ങൾ അനുസരിച്ചും, കണക്കുകൂട്ടേണ്ടതാകുന്നു.

5. ഏററവും കുറഞ്ഞ കൂലി നിജപ്പെടുത്തുകയും പുതുക്കുകയും ചെയ്യുന്നതിനുള്ള നടപടിക്രമം.—(1) ഏതെങ്കിലും പട്ടിക നിയോജനം സംബന്ധിച്ച് ഈ ആക്ററിൻകീഴിൽ ആദ്യമായി ഏററവും കുറഞ്ഞ കൂലി നിരക്കുകൾ നിജപ്പെടുത്തുന്നതിലോ അപ്രകാരം നിജപ്പെടുത്തിയ ഏററവും കുറഞ്ഞ കൂലി നിരക്കുകൾ പുതുക്കുന്നതിലോ, സമുചിതഗവൺമെൻറ്,—

(ക) അതതുസംഗതിപോലെ, അങ്ങനെയുള്ള നിജപ്പെടുത്തലോ പുതുക്കലോ സംബന്ധിച്ച് അന്വേഷണവിചാരണ നടത്തുന്നതിനും, അതിന് ഉപദേശം നല്കുന്നതിനും ആവശ്യമാണെന്ന് കരുതുന്നത്ര കമ്മിററികളേയും സബ്കമ്മിററികളേയും നിയമിക്കുകയോ, അല്ലെങ്കിൽ

(ഖ) അതിന്റെ നിർദ്ദേശങ്ങൾ, അവ ബാധിക്കാൻ ഇടയുള്ള ആളുകളുടെ അറിവിലേയ്ക്കായി, ഔദ്യോഗിക ഗസററിൽ വിജ്ഞാപനംവഴി, പ്രസിദ്ധപ്പെടുത്തുകയും, ആ നിർദ്ദേശങ്ങൾ പരിഗണനയ്ക്കെടുക്കുന്നതിന് വിജ്ഞാപനത്തിന്റെ തീയതിയിൽ നിന്ന് രണ്ടുമാസത്തിൽ കുറയാത്ത ഒരു തീയതി വിനിർദ്ദേശിക്കുകയും ചെയ്യുകയോ;

ചെയ്യേണ്ടതാകുന്നു.

(2) സമുചിതഗവൺമെൻറ്, അതതുസംഗതിപോലെ, (1)-ാം ഉപവകുപ്പ് (ക) ഖണ്ഡത്തിൻകീഴിൽ നിയമിക്കപ്പെട്ട കമ്മിററിയുടേയോ കമ്മിററികളുടേയോ ഉപദേശമോ, അല്ലെങ്കിൽ ആ ഉപവകുപ്പിലെ (ഖ) ഖണ്ഡത്തിൻ കീഴിൽ വിജ്ഞാപനത്തിൽ വിനിർദ്ദേശിച്ച തീയതിക്കുമുമ്പ് അതിന് കിട്ടിയിട്ടുള്ള എല്ലാ നിവേദനങ്ങളുമോ പരിഗണിച്ചതിനുശേഷം, ഔദ്യോഗിക ഗസററിൽ വിജ്ഞാപനംവഴി, ഓരോ പട്ടിക നിയോജനവും സംബന്ധിച്ച് ഏററവും കുറഞ്ഞ കൂലി നിരക്കുകൾ, അതതുസംഗതിപോലെ, നിജപ്പെടുത്തുകയോ പുതുക്കുകയോ ചെയ്യേണ്ടതും, അത് അങ്ങനെയുള്ള വിജ്ഞാപനം മററുവിധത്തിൽ വ്യവസ്ഥചെയ്യാത്തപക്ഷം, അതു പുറപ്പെടുവിച്ച തീയതിമുതൽ മൂന്നുമാസം കഴിയുന്നതോടെ പ്രാബല്യത്തിൽ വരുന്നതുമാകുന്നു:

എന്നാൽ, സമുചിതഗവൺമെൻറ് ഏററവും കുറഞ്ഞ കൂലിനിരക്കുകൾ (1)-ാം ഉപവകുപ്പ് (ഖ) ഖണ്ഡത്തിൽ വിനിർദ്ദേശിക്കുന്ന രീതിയിൽ പുതുക്കാൻ നിർദ്ദേശിക്കുന്നിടത്ത്, ഉപദേശകബോർഡിനോടും ആലോചിക്കേണ്ടതാകുന്നു.

6. (ഉപദേശക കമ്മിററികളും സബ്കമ്മിററികളും) ഏററവും കുറഞ്ഞ കൂലി (ഭേദഗതി) ആക്ററ്, 1957, (1957-ലെ 30) 5-ാം വകുപ്പിനാൽ റദ്ദാക്കപ്പെട്ടു.

7. <u>ഉപദേശകബോർഡ്</u>.—5-ാം വകുപ്പിൻകീഴിൽ നിയമിക്കപ്പെടുന്ന കമ്മിററിയുടേയും സബ്കമ്മിററികളുടേയും പ്രവൃത്തി ഏകോപിപ്പിക്കുന്നതിനും ഏററവും കുറഞ്ഞ കൂലിനിരക്കുകൾ നിജപ്പെടുത്തുകയും പുതുക്കുകയും ചെയ്യുന്ന വിഷയത്തിൽ സമുചിതഗവൺമെൻറിനെ സാമാന്യമായി ഉപദേശിക്കുന്നതിനും വേണ്ടി സമുചിതഗവൺമെൻറ് ഒരു ഉപദേശകബോർഡിനെ നിയമിക്കേണ്ടതാകുന്നു.

8. <u>കേന്ദ്ര ഉപദേശകബോർഡ്</u>.—(1) ഈ ആക്ററിൻകീഴിൽ ഏററവും കുറഞ്ഞ കൂലിനിരക്കുകൾ നിജപ്പെടുത്തുകയും പുതുക്കുകയും ചെയ്യുന്ന വിഷയങ്ങളിലും മററ്വിഷയങ്ങളിലും കേന്ദ്രഗവൺമെൻറിനേയും സ്റേററ്ഗവൺമെൻറുകളേയും, ഉപദേശിക്കുകയും ഉപദേശകബോർഡുകളുടെ പ്രവൃത്തി ഏകോപിപ്പിക്കുകയും ചെയ്യുന്നതിനുവേണ്ടി, കേന്ദ്ര ഗവൺമെൻറ് ഒരു കേന്ദ്ര ഉപദേശകബോർഡിനെ നിയമിക്കേണ്ടതാകുന്നു.

(2) കേന്ദ്ര ഉപദേശകബോർഡ്, പട്ടിക നിയോജനങ്ങളിലെ നിയോജകരേയും ജോലിക്കാരേയും പ്രതിനിധാനം ചെയ്തുകൊണ്ടുള്ള കേന്ദ്ര ഗവൺമെൻറ് നാമനിർദ്ദേശം ചെയ്യുന്ന ആളുകളും—അവർ തുല്യസംഖ്യയായിരിക്കേണ്ടതാണ്—ബോർഡിലെ ആകെ അംഗങ്ങളിൽ മൂന്നിൽ ഒന്നിൽ കവിയാത്ത സ്വതന്ത്രരായ ആളുകളും അടങ്ങിയിരിക്കേണ്ടതും; അങ്ങനെയുള്ള സ്വതന്ത്രരായ ആളുകളിൽ ഒരാളെ കേന്ദ്ര ഗവൺമെൻറ് ബോർഡിലെ ചെയർമാനായി നിയമിക്കേണ്ടതുമാകുന്നു.

9. <u>കമ്മിററികൾ മുതലായവ ആരെല്ലാം അടങ്ങിയതായിരിക്കണമെന്ന്.</u>—ഓരോ കമ്മിററിയും സബ്കമ്മിററിയും ഉപദേശകബോർഡും, പട്ടിക നിയോജനത്തിലെ നിയോജകരേയും ജോലിക്കാരേയും പ്രതിനിധാനം ചെയ്തുകൊണ്ടുള്ള സമുചിതഗവൺമെൻറ് നാമനിർദ്ദേശം ചെയ്യുന്ന ആളുകളും—അവർ എണ്ണത്തിൽ തുല്യരായിരിക്കേണ്ടതാണ്—അതിലെ ആകെ അംഗങ്ങളിൽ മൂന്നിലൊന്നിൽ കവിയാത്ത സ്വതന്ത്രരായ ആളുകളും അടങ്ങിയതായിരിക്കേണ്ടതും; അങ്ങനെയുള്ള സ്വതന്ത്രരായ ആളുകളിൽ ഒരാളെ സമുചിതഗവൺമെൻറ് ചെയർമാനായി നിയമിക്കേണ്ടതും ആകുന്നു.

10. <u>തെററുകൾ തിരുത്തുന്നത്.</u>—(1) ഈ ആക്ററിൻകീഴിൽ ഏററവും കുറഞ്ഞ കൂലിനിരക്കുകൾ നിജപ്പെടുത്തുകയോ പുതുക്കുകയോ ചെയ്യുന്ന ഏതെങ്കിലും ഉത്തരവിലുള്ള കൈത്തെറേറാ, കണക്കുകൂട്ടലിലെ തെറേറാ അല്ലെങ്കിൽ ഏതെങ്കിലും യാദൃച്ഛികമായ വിഴ്ചയാലോ വിട്ടുകളയലാലോ അതിൽ ഉത്ഭവിക്കുന്ന തെററുകളോ സമുചിതഗവൺമെൻറിന്, ഔദ്യോഗിക ഗസററിൽ വിജ്ഞാപനംവഴി ഏതു സമയത്തും, തിരുത്താവുന്നതാണ്.

(2) അങ്ങനെയുള്ള ഏതൊരു വിജ്ഞാപനവും, അത് പുറപ്പെടുവിച്ചതിനുശേഷം ആകുന്നത്രവേഗത്തിൽ, അറിവിനായി ഉപദേശകബോർഡിൻെറ മുമ്പാകെ വയ്ക്കേണ്ടതാകുന്നു.

11. <u>സാധനമായുള്ള കൂലി.</u>—(1) ഈ ആക്ററിൻകീഴിൽ കൊടുക്കേണ്ട ഏററവും കുറഞ്ഞ കൂലി പണമായി കൊടുക്കേണ്ടതാകുന്നു.

(2) കൂലി മുഴുവനുമായോ ഭാഗികമായി സാധനമായി കൊടുക്കുന്നത് വഴക്കമായിരിക്കുന്നിടത്ത്, സമുചിതഗവൺമെൻറിന്, വിഷയങ്ങളുടെ പരിതഃസ്ഥിതികളനുസരിച്ച് അത് ആവശ്യമാണെന്ന് അഭിപ്രായമുണ്ടായിരിക്കേ ഔദ്യോഗിക ഗസററിൽ വിജ്ഞാപനംവഴി, ഏററവും കുറഞ്ഞ കൂലി മുഴുവനുമായോ ഭാഗികമായോ സാധനമായി കൊടുക്കുന്നത് പ്രാധികാരപ്പെടുത്താവുന്നതാണ്.

(3) അവശ്യസാധനങ്ങൾ സൗജന്യനിരക്കുകളിൽ നല്കാൻ വ്യവസ്ഥ ചെയ്യേണ്ടതാണെന്ന് അഭിപ്രായമുണ്ടെങ്കിൽ സമുചിതഗവൺമെൻറിന്, ഔദ്യോഗിക ഗസററിൽ വിജ്ഞാപനംവഴി, സൗജന്യനിരക്കിൽ അങ്ങനെ നല്കാൻ വ്യവസ്ഥചെയ്യുന്നത് പ്രാധികാരപ്പെടുത്താവുന്നതാണ്.

(4) സാധനമായുള്ള കൂലിയുടേയും, (2)-ം (3)-ം ഉപവകുപ്പുകളിൻകീഴിൽ പ്രാധികാരപ്പെടുത്തപ്പെട്ട സൗജന്യനിരക്കിൽ അവശ്യസാധനങ്ങൾ നല്കൽ സംബന്ധിച്ച സൗജന്യങ്ങളുടേയും പണമായുള്ള മൂല്യം, നിർണ്ണയിക്കപ്പെടുന്ന രീതിയിൽ കണക്കാക്കേണ്ടതാകുന്നു.

12 <u>ഏററവും കുറഞ്ഞ കൂലി നിരക്കുകൾ കൊടുക്കുന്നത്.</u>—(1) ഏതെങ്കിലും പട്ടിക നിയോജനം സംബന്ധിച്ച് 5-ാം വകുപ്പിൻകീഴിലെ വിജ്ഞാപനം പ്രാബല്യത്തിലിരിക്കുന്നിടത്ത്, നിയോജകൻ തൻെറ കീഴിൽ പട്ടിക നിയോജനത്തിൽ ഏർപ്പെട്ടിട്ടുള്ള ഏതൊരു ജോലിക്കാരനും, അങ്ങനെയുള്ള വിജ്ഞാപനം ആ നിയോജനത്തിലെ ആ തരം ജോലിക്കാർക്ക് നിജപ്പെടുത്തിയിട്ടുള്ള ഏററവും കുറഞ്ഞ കൂലിനിരക്കിലും കുറവല്ലാത്ത നിരക്കിലുള്ള കൂലി പ്രാധികാരപ്പെടുത്തിയതല്ലാത്ത യാതൊരു കിഴിവുകളും കൂടാതെ നിർണ്ണയിക്കപ്പെടുന്ന സമയത്തിനുള്ളിലും നിർണ്ണയിക്കപ്പെടുന്ന ഉപാധികൾക്ക് വിധേയമായും കൊടുക്കേണ്ടതാകുന്നു.

(2) ഈ വകുപ്പിൽ അടങ്ങിയ യാതൊന്നും, കൂലി കൊടുക്കൽ ആക്ററ്, 1936 (1936-ലെ 4) വ്യവസ്ഥകളെ ബാധിക്കുന്നതല്ല.

13. ഒരു സാധാരണ പ്രവൃത്തിദിവസത്തിനുള്ള മണിക്കൂറുകൾ നിജപ്പെടുത്തുന്നതും മറ്റും.—(1) ഏത് പട്ടിക നിയോജനം സംബന്ധിച്ചാണോ ഈ ആക്റ്റിൻകീഴിൽ ഏററവും കുറഞ്ഞ കൂലിനിരക്കുകൾ നിജപ്പെടുത്തിയിട്ടുള്ളത്, അങ്ങനെയുള്ള ഏതെങ്കിലും പട്ടിക നിയോജനം സംബന്ധിച്ച് സമുചിതഗവൺമെൻറിന്—

(ക) ഒന്നോ അതിലധികമോ വിനിർദ്ദിഷ്ട ഇടവേളകൾ ഉൾപ്പെടെ, ഒരു സാധാരണ പ്രവൃത്തിദിവസമാകുന്നതിന് വേണ്ട പ്രവൃത്തി മണിക്കൂറുകളുടെ എണ്ണം നിജപ്പെടുത്തുകയും;

(ഖ) എല്ലാ ജോലിക്കാർക്കുമോ, ഏതെങ്കിലും വിനിർദ്ദിഷ്ടതരം ജോലിക്കാർക്കോ, ഏതൊരു ഏഴുദിവസക്കാലത്തിലും അനുവദിക്കേണ്ട ഒരു വിശ്രമദിവസത്തിനും, അങ്ങനെയുള്ള വിശ്രമദിവസങ്ങൾ സംബന്ധിച്ച് വേതനം കൊടുക്കുന്നതിനും വ്യവസ്ഥചെയ്യുകയും;

(ഗ) ഒരു വിശ്രമദിവസത്തെ പ്രവൃത്തിക്ക് ഓവർ ടൈം നിരക്കിലും കുറയാത്ത നിരക്കിൽ പണം കൊടുക്കുന്നതിന് വ്യവസ്ഥചെയ്യുകയും,

ചെയ്യാവുന്നതാണ്.

(2) താഴെപറയുന്ന തരം ജോലിക്കാരെ സംബന്ധിച്ച്, (1)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾ, നിർണ്ണയിക്കപ്പെടുന്നിടത്തോളവും നിർണ്ണയിക്കപ്പെടുന്ന ഉപാധികൾക്ക് വിധേയമായും, മാത്രം ബാധകമാകുന്നതാണ്:—

(ക) അടിയന്തരമായ പ്രവൃത്തിയിലോ അല്ലെങ്കിൽ മുൻകൂട്ടിക്കാണാനോ തടയാനോ കഴിയുമായിരുന്നതല്ലാത്ത ഏതെങ്കിലും അടിയന്തരാവസ്ഥയിലോ ഏർപ്പെട്ടിട്ടുള്ള ജോലിക്കാർ;

(ഖ) ബന്ധപ്പെട്ട നിയോജനത്തിൽ സാമാന്യമായ പ്രവർത്തനത്തിന് വച്ചിട്ടുള്ള പരിധികൾക്കു പുറമേയായി ആവശ്യകമായി നടത്തിക്കൊണ്ടുപോകണം എന്നുള്ള പ്രാരംഭികമോ പൂരകമോ ആയ പ്രകൃതത്തിലുള്ള പ്രവൃത്തിയിൽ ഏർപ്പെട്ടിട്ടുള്ള ജോലിക്കാർ;

(ഗ) ആവശ്യകമായി ഇടവിട്ടുള്ളതായ നിയോജനത്തിലെ ജോലിക്കാർ;

(ഘ) സാങ്കേതിക കാരണങ്ങളാൽ, ഡ്യൂട്ടി തീരുന്നതിനുമുമ്പ് പൂർത്തിയാക്കേണ്ടതായ ഏതെങ്കിലും പ്രവൃത്തിയിൽ ഏർപ്പെട്ടിട്ടുള്ള ജോലിക്കാർ;

(ങ) പ്രകൃതിശക്തികളുടെ ക്രമരഹിതമായ പ്രവർത്തനത്തെ ആശ്രയിക്കുന്ന സമയങ്ങളിലൊഴികെ നടത്തിക്കൊണ്ടുപോകാൻ കഴിയാത്ത പ്രവൃത്തിയിൽ ഏർപ്പെട്ടിട്ടുള്ള ജോലിക്കാർ.

(3) ഒരു ജോലിക്കാരൻെറ ദിവസേനയുള്ള ഡ്യൂട്ടി മണിക്കൂറുകളോ അല്ലെങ്കിൽ അയാൾക്കു ദിവസേന ഉള്ള ഡ്യൂട്ടി മണിക്കൂറുകൾ ആ നിലയിൽ ഇല്ലെങ്കിൽ, ഡ്യൂട്ടി മണിക്കൂറുകളോ സാധാരണമായി ജോലിക്കാരൻ ഡ്യൂട്ടിയിലായിരിക്കുകയും, എന്നാൽ അയാളോട് ശാരീരികമായ പ്രവർത്തനമോ നിരന്തര ശ്രദ്ധയോ പ്രദർശിപ്പിക്കാൻ ആവശ്യപ്പെടാത്തതായിരിക്കുകയും ചെയ്യുന്ന നിഷ്ക്രിയത്വത്തിൻെറ കാലയളവുകൾ ഉൾപ്പെടുന്നു എന്ന കാരണത്തിൻമേൽ, സമുചിതഗവൺമെൻറ് ആ ജോലിക്കാരൻെറ നിയോജനം ആവശ്യമായും ഇടവിട്ടുകൊണ്ടുള്ളതാണെന്ന് പ്രഖ്യാപിക്കുമ്പോൾ, ആ ജോലിക്കാരൻെറ നിയോജനം 2-ാം ഉപവകുപ്പ് (ഗ) ഖണ്ഡത്തിൻെറ ആവശ്യങ്ങൾക്ക്, അപ്രകാരമുള്ളതായിരിക്കുന്നതാണ്.

14. ഓവർറൈറം.—(1) ഈ ആക്ററിൻകീഴിൽ ഏററവും കുറഞ്ഞ കൂലി നിരക്ക് മണിക്കൂർവഴിയോ, ദിവസംവഴിയോ അല്ലെങ്കിൽ നിർണ്ണയിക്കപ്പെടുന്ന മററു കൂടുതൽ കൂലിക്കാലാവധി വഴിയോ നിജപ്പെടുത്തപ്പെട്ടിട്ടുള്ള ജോലിക്കാരൻ ഏതെങ്കിലും ദിവസം, സാധാരണ പ്രവൃത്തിദിവസമാകുന്നതിനുവേണ്ട മണിക്കൂറുകളുടെ എണ്ണത്തിൽ കവിഞ്ഞ് പ്രവൃത്തിചെയ്യുന്നിടത്ത്, അയാൾ അപ്രകാരം കവിഞ്ഞ പ്രവൃത്തി ചെയ്യുന്ന ഏതൊരു മണിക്കൂറിനോ, അതിൻെറ ഭാഗത്തിനോ, ഈ ആക്ററിൻകീഴിൽ നിജപ്പെടുത്തിയ ഓവർറൈറം നിരക്കോ, അല്ലെങ്കിൽ സമുചിതഗവൺമെൻറിൻെറ തൽസമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമത്തിൻകീഴിൽ നിജപ്പെടുത്തിയ ഓവർറൈറം നിരക്കോ, ഏതാണ് കൂടുതൽ, ആ നിരക്കിൽ നിയോജകൻ പണം കൊടുക്കേണ്ടതാകുന്നു.

(2) ഈ ആക്ററിലെ യാതൊന്നും, ഫാക്ടറി ആക്ററ്, 1948, (1948-ലെ 63) 59-ാം വകുപ്പിലെ വ്യവസ്ഥകൾ ബാധകമാകുന്ന ഏതെങ്കിലും സംഗതിയിൽ, ആ വ്യവസ്ഥകളുടെ പ്രവർത്തനത്തിന് ഭംഗം വരുത്തുന്നതല്ല.

15. സാധാരണ പ്രവൃത്തിദിവസത്തിനും കുറവായി പ്രവൃത്തിചെയ്യുന്ന ജോലിക്കാരൻെറ കൂലി.—ഈ ആക്ററിൻകീഴിൽ ഏററവും കുറഞ്ഞ കൂലി നിരക്ക്, ദിവസംവഴി നിജപ്പെടുത്തപ്പെട്ടിട്ടുള്ള ഒരു ജോലിക്കാരൻ, അയാൾ നിയോജിക്കപ്പെട്ടിട്ടുള്ള ഏതെങ്കിലും ദിവസം ഒരു സാധാരണ പ്രവൃത്തിദിവസമാകുന്നതിന് വേണ്ട മണിക്കൂറുകളുടെ എണ്ണത്തിലും കുറവായ കാലയളവ് പ്രവൃത്തിചെയ്യുന്നുവെങ്കിൽ, അയാൾക്ക് ആ ദിവസം അയാൾ ചെയ്ത പ്രവൃത്തിയെസംബന്ധിച്ച്, ഇതിൽ ഇതിനുശേഷം മററുവിധത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള വിധം ഒഴികെ, അയാൾ ഒരു പൂർണ്ണമായ സാധാരണ പ്രവൃത്തി ദിവസം പ്രവൃത്തിചെയ്തിട്ടുണ്ടായിരുന്നാലെന്നപോലെ കൂലി കിട്ടാൻ അവകാശം ഉണ്ടായിരിക്കുന്നതാണ്;

എന്നാൽ,—

(i) അയാൾ പ്രവൃത്തിചെയ്യാതിരുന്നത് പ്രവൃത്തിചെയ്യാനുള്ള അയാളുടെ മനസ്സില്ലായ്മയാലായിരിക്കുകയും അയാൾക്ക് പ്രവൃത്തിനല്കുന്നതിനുള്ള നിയോജകൻെറ വിലോപത്താൽ അല്ലാതിരിക്കുകയും ചെയ്യുന്ന ഏതെങ്കിലും സംഗതിയിലും;

(ii) നിർണ്ണയിക്കുന്ന മററ് സംഗതികളിലും പരിതഃസ്ഥിതികളിലും, അയാൾക്ക് പൂർണ്ണമായ സാധാരണ പ്രവൃത്തിദിവസത്തെ കൂലി കിട്ടാൻ അവകാശമുണ്ടായിരിക്കുന്നതല്ല.

16. രണ്ടോ അതിലധികമോ തരം പ്രവൃത്തികൾക്കുള്ള കൂലി.—ഒരു ജോലിക്കാരൻ രണ്ടോ അതിലധികമോ തരം പ്രവൃത്തിചെയ്യുകയും, അവയിൽ ഓരോന്നിനും വ്യത്യസ്തമായ ഏററവും കുറഞ്ഞ കൂലിനിരക്ക് ബാധകമായിരിക്കുകയും ചെയ്യുന്നിടത്ത്, അങ്ങനെയുള്ള ജോലിക്കാരന് അങ്ങനെയുള്ള ഓരോ തരം പ്രവൃത്തിയിലും യഥാക്രമം ഏർപ്പെട്ടിരുന്ന സമയം സംബന്ധിച്ച് നിയോജകൻ അങ്ങനെയുള്ള ഓരോ തരവും സംബന്ധിച്ച് പ്രാബല്യത്തിലുള്ള ഏററവും കുറഞ്ഞ നിരക്കിലും കുറയാത്ത കൂലി കൊടുക്കേണ്ടതാകുന്നു.

17. പീസ്‌വർക്കിനുള്ള ഏററവും കുറഞ്ഞ റൈറം നിരക്ക് കൂലി.—ഈ ആക്ററിൻകീഴിൽ ഏററവും കുറഞ്ഞ റൈറം നിരക്ക് നിജപ്പെടുത്തുകയും ഏററവും കുറഞ്ഞ പീസ് നിരക്ക് നിജപ്പെടുത്താതിരിക്കുകയും ചെയ്തിട്ടുള്ള ഒരു പീസ്‌വർക്കിൽ ഒരു ജോലിക്കാരൻ നിയോജിക്കപ്പെട്ടിട്ടുള്ളിടത്ത്, അങ്ങനെയുള്ള ജോലിക്കാരന്, നിയോജകൻ ഏററവും കുറഞ്ഞ റൈറം നിരക്കിലും കുറയാത്ത കൂലി കൊടുക്കേണ്ടതാകുന്നു.

18. രജിസ്ററുകളും റിക്കാർഡുകളും വച്ചുപോരുന്നത്.—(1) ഏതൊരു നിയോജകനും, അയാൾ നിയോജിക്കുന്ന ജോലിക്കാരുടേയും അവർ നിർവ്വഹിക്കുന്ന പ്രവൃത്തിയുടേയും അവർക്ക് കൊടുക്കുന്ന കൂലിയുടേയും അവർ നല്കുന്ന രസീതുകളുടേയും അങ്ങനെയുള്ള മററു സംഗതികളുടേയും നിർണ്ണയിക്കപ്പെടുന്ന വിവരങ്ങൾ നല്കുന്ന നിർണ്ണയിക്കപ്പെടുന്ന രജിസ്ററുകളും റിക്കാർഡുകളും നിർണ്ണയിക്കപ്പെടുന്ന ഫാറത്തിൽ വച്ചുപോരേണ്ടതാകുന്നു.

(2) ഏതൊരു നിയോജകനും, പട്ടിക നിയോജനത്തിലെ ജോലിക്കാർ നിയോജിക്കപ്പെട്ടേക്കാവുന്ന ഫാക്ററിയിലോ, വർക്ക്ഷാപ്പിലോ, സ്ഥലത്തോ, പുറം പ്രവൃത്തിക്കാരുടെ സംഗതിയിൽ, അവർക്ക് പുറം പ്രവൃത്തി കൊടുക്കാൻ ഉപയോഗിച്ചേക്കാവുന്ന ഫാക്ററിയിലോ, വർക്ക്ഷാപ്പിലോ, സ്ഥലത്തോ നിർണ്ണയിക്കപ്പെടുന്ന ഫാറത്തിലുള്ളതും നിർണ്ണയിക്കപ്പെടുന്ന വിവരങ്ങൾ അടങ്ങുന്നതുമായ നോട്ടീസുകൾ നിർണ്ണയിക്കപ്പെടുന്ന രീതിയിൽ പ്രദർശിപ്പിച്ച് വച്ചുകൊണ്ടിരിക്കേണ്ടതാകുന്നു.

(3) സമുചിതഗവൺമെൻറിന്, ഈ ആക്ററിൻകീഴിൽ ഉണ്ടാക്കുന്ന ചട്ടങ്ങൾവഴി, ഏതു പട്ടിക നിയോജനം സംബന്ധിച്ചാണോ ഏററവും കുറഞ്ഞ കൂലിനിരക്കുകൾ നിജപ്പെടുത്തിയിട്ടുള്ളത്, അങ്ങനെയുള്ള ഏതെങ്കിലും പട്ടിക നിയോജനത്തിൽ നിയോജിക്കപ്പെടുന്ന ജോലിക്കാർക്ക് കൂലി—ബുക്കുകളോ കൂലി സ്ലിപ്പുകളോ നല്കാൻ വ്യവസ്ഥചെയ്യുകയും നിയോജകനോ അയാളുടെ ഏജൻേറാ അങ്ങനെയുള്ള കൂലി—സ്ലിപ്പുകളിലോ ഉൾക്കുറിപ്പുകൾ ചേർക്കുകയും പ്രമാണീകരിക്കുകയും ചെയ്യേണ്ട രീതി നിർണ്ണയിക്കുകയും ചെയ്യാവുന്നതാണ്.

19. ഇൻസ്പെക്ററർമാർ.—(1) സമുചിതഗവൺമെൻറിന്, യുക്തമെന്നു തോന്നുന്ന ആളുകളെ, ഔദ്യോഗികഗസററിൽ വിജ്ഞാപനംവഴി, ഈ ആക്ററിൻെറ ആവശ്യങ്ങൾക്ക്, ഇൻസ്പെക്ററർമാരായി നിയമിക്കുകയും, അവർ തങ്ങളുടെ ചുമതലകൾ നിർവ്വഹിക്കേണ്ട തദ്ദേശാതിർത്തികൾ നിർവ്വചിക്കുകയും ചെയ്യാവുന്നതാണ്.

(2) ഇൻസ്പെക്ററർക്ക്, ഇതിലേക്ക് ഉണ്ടാക്കപ്പെടുന്ന ഏതെങ്കിലും ചട്ടങ്ങൾക്ക് വിധേയമായി, താൻ നിയമിക്കപ്പെട്ടിട്ടുള്ള തദ്ദേശാതിർത്തികൾക്കുള്ളിൽ—

(ക) ന്യായമായ എല്ലാ മണിക്കൂറുകളിലും ഗവൺമെൻറിൻേറയോ ഏതെങ്കിലും തദ്ദേശാധികാരസ്ഥാനത്തിൻേറയോ പബ്ലിക്ക് അധികാരസ്ഥാനത്തിൻേറയോ സർവീസിലുള്ള ആളുകളായ, യുക്തമെന്ന് തോന്നുന്ന അസിസ്ററൻറുമാരോടുകൂടി (വല്ലവരും ഉണ്ടെങ്കിൽ) ഏതു പട്ടിക നിയോജനം സംബന്ധിച്ചാണോ ഈ ആക്ററിൻകീഴിൽ ഏററവും കുറഞ്ഞ കൂലി നിരക്കുകൾ നിജപ്പെടുത്തിയിട്ടുള്ളത്, അങ്ങനെയുള്ള ഏതെങ്കിലും പട്ടിക നിയോജനത്തിൽ ജോലിക്കാരെ നിയോജിക്കുന്നതോ പുറം പ്രവൃത്തിക്കാർക്ക് പുറം പ്രവൃത്തിനല്കുന്നതോ ആയ ഏതെങ്കിലും കെട്ടിടപരിസരങ്ങളിലോ സ്ഥലത്തോ, ഈ ആക്ററോ അതിൻകീഴിൽ ഉണ്ടാക്കിയ ചട്ടങ്ങളോ അവയ്ക്ക് കീഴിലോ വച്ചുപോരുകയോ പ്രദർശിപ്പിക്കുകയോ ചെയ്യാൻ ആവശ്യപ്പെടുന്ന ഏതെങ്കിലും രജിസ്ററോ കൂലിയുടെ റിക്കാർഡോ അല്ലെങ്കിൽ നോട്ടീസുകളോ പരിശോധിക്കുന്നതിനുവേണ്ടി പ്രവേശിക്കുകയും അവ ഇൻസ്പെക്ഷനായി ഹാജരാക്കാൻ ആവശ്യപ്പെടുകയും;

(ഖ) അങ്ങനെയുള്ള ഏതെങ്കിലും കെട്ടിടപരിസരങ്ങളിലോ സ്ഥലത്തോ കാണപ്പെടുകയും, അതിൽ നിയോജിക്കപ്പെട്ടിട്ടുള്ള ജോലിക്കാരനോ അതിൽ പുറംപ്രവൃത്തി നല്കപ്പെട്ടിട്ടുള്ള ജോലിക്കാരനോ ആണെന്ന് വിശ്വസിക്കാൻ ന്യായമായ കാരണമുണ്ടായിരിക്കുകയും ചെയ്യുന്ന ഏതെങ്കിലും ആളെ വിസ്തരിക്കുകയും;

(ഗ) പുറംപ്രവൃത്തി നല്കുന്ന ഏതെങ്കിലും ആളോടും, ഏതെങ്കിലും പുറംപ്രവൃത്തിക്കാരോടും, ഏത് ആളുകൾക്കും ആളുകൾക്കുവേണ്ടിയും ആളുകളിൽനിന്നുമാണോ പുറംപ്രവൃത്തി നല്കുകയോ സ്വീകരിക്കുകയോ ചെയ്യുന്നത്, അങ്ങനെയുള്ള ആളുകളുടെ പേരും മേൽവിലാസവും സംബന്ധിച്ചും, ആ പ്രവൃത്തിക്ക് കൊടുക്കേണ്ട കൂലി സംബന്ധിച്ചും, അയാൾക്ക് നല്കാൻ കഴിവുള്ള ഏതെങ്കിലും വിവരം ആവശ്യപ്പെടുകയും;

(ഘ) ഒരു നിയോജകൻ ചെയ്തിട്ടുള്ളതായി തനിക്ക് വിശ്വസിക്കാൻ കാരണമുള്ള ഈ ആക്ററിൻകീഴിലെ ഒരു കുററം സംബന്ധിച്ച്, പ്രസക്തമാണെന്ന് താൻ കരുതുന്ന രജിസ്ററോ, കൂലിയുടെ റിക്കാർഡോ, നോട്ടീസുകളോ, അവയുടെ ഭാഗങ്ങളോ പിടിച്ചെടുക്കുകയോ അവയുടെ പകർപ്പുകൾ എടുക്കുകയോ ചെയ്യുകയും;

(ങ) നിർണ്ണയിക്കപ്പെടുന്ന മററ് അധികാരങ്ങൾ പ്രയോഗിക്കുകയും; ചെയ്യാവുന്നതാണ്.

(3) ഏതൊരു ഇൻസ്പെക്ടററും, ഇൻഡ്യൻ ശിക്ഷാ നിയമസംഹിത (1860-ലെ 45) യുടെ അർത്ഥത്തിൽ പബ്ലിക്ക് സർവന്റായി കരുതപ്പെടുന്നതാകുന്നു.

(4) ഏതാളോടാണോ ഇൻസ്പെക്ടറർ (2)-ാം ഉപവകുപ്പിൻകീഴിൽ ഏതെങ്കിലും രേഖയോ സാധനമോ ഹാജരാക്കാനോ ഏതെങ്കിലും വിവരം നല്കുവാനോ ആവശ്യപ്പെടുന്നത്; അങ്ങനെയുള്ള ഏതെങ്കിലും ആൾ ഇൻഡ്യൻ ശിക്ഷാനിയമസംഹിതയിലെ (1860-ലെ 45) 175-ാം വകുപ്പിന്റെയും 176-ാം വകുപ്പിന്റെയും അർത്ഥത്തിൽ അപ്രകാരം ചെയ്യാൻ നിയമപ്രകാരം ബാദ്ധ്യസ്ഥനായി കരുതപ്പെടുന്നതാകുന്നു.

20. അവകാശവാദങ്ങൾ.—(1) സമുചിതഗവൺമെന്റിന്, ഔദ്യോഗിക ഗസററിൽ വിജ്ഞാപനംവഴി, ഏതെങ്കിലും തൊഴിലാളി നഷ്ടപരിഹാര കമ്മീഷണറേയോ, ഏതെങ്കിലും പ്രദേശത്തേക്ക് ഒരു തൊഴിൽക്കമ്മീഷണറായി ചുമതലകൾ നിർവഹിക്കുന്ന ഏതെങ്കിലും കേന്ദ്രഗവൺമെന്റ് ഉദ്യോഗസ്ഥനേയോ, തൊഴിൽ കമ്മീഷണറുടെ പദവിയിൽ താഴെയല്ലാത്ത ഏതെങ്കിലും സ്റേററ് ഗവൺമെൻറ് ഉദ്യോഗസ്ഥനേയോ, ഒരു സിവിൽക്കോടതിയിലെ ജഡ്ജിയായോ ശമ്പളംപററുന്ന മജിസ്ട്രേട്ടായോ പരിചയം സിദ്ധിച്ച മററേതെങ്കിലും ഉദ്യോഗസ്ഥനേയോ, ഏതെങ്കിലും വിനിർദ്ദിഷ്ട പ്രദേശത്തേയ്ക്ക്, ആ പ്രദേശത്ത് നിയോജിക്കപ്പെടുകയോ കൂലി കൊടുക്കപ്പെടുകയോ ചെയ്യുന്ന ജോലിക്കാർക്ക് ഏററവും കുറഞ്ഞ കൂലിനിരക്കിലും കുറഞ്ഞ കൂലി കൊടുക്കുന്നതിൽ നിന്നോ അല്ലെങ്കിൽ 13-ാം വകുപ്പിലെ (1)-ാം ഉപവകുപ്പ് (ഖ) ഖണ്ഡത്തിനോ (ഗ) ഖണ്ഡത്തിനോകീഴിൽ വിശ്രമദിവസങ്ങൾക്കോ അങ്ങനെയുള്ള ദിവസങ്ങളിൽ ചെയ്ത പ്രവൃത്തിക്കോ വേതനമോ 14-ാം വകുപ്പിൻകീഴിൽ ഓവർറൈറം നിരക്കിലുള്ള കൂലിയോ കൊടുക്കുന്നതു സംബന്ധിച്ചോ ഉദ്ഭവിക്കുന്ന എല്ലാ അവകാശവാദങ്ങളും കേൾക്കുകയും തീരുമാനിക്കുകയും ചെയ്യാനുള്ള അധികാരസ്ഥാനമായി നിയമിക്കാവുന്നതാണ്.

(2) ജോലിക്കാരന് (1)-ാം ഉപവകുപ്പിൽ പരാമർശിച്ച പ്രകൃതത്തിലുള്ള ഏതെങ്കിലും അവകാശവാദം ഉള്ളിടത്ത്, അയാൾക്ക് തന്നെയോ അയാൾക്കു വേണ്ടി പ്രവർത്തിക്കാൻ ലിഖിതമായി പ്രാധികാരപ്പെടുത്തപ്പെട്ട ഏതെങ്കിലും അഭിഭാഷകനോ, രജിസ്റ്റേറഡ് ട്രെയിഡ് യൂണിയൻ ഉദ്യോഗസ്ഥനോ, ഏതെങ്കിലും ഇൻസ്പെക്റ്റർക്കോ (1)-ാം ഉപവകുപ്പിൻകീഴിൽ നിയമിച്ചിട്ടുള്ള അധികാരസ്ഥാനത്തിന്റെ അനുവാദത്തോടുകൂടി പ്രവർത്തിക്കുന്ന ഏതെങ്കിലും ആൾക്കോ, (3)-ാം ഉപവകുപ്പിൻകീഴിലെ നിദേശത്തിനായി, അങ്ങനെയുള്ള അധികാരസ്ഥാനത്തോട് അപേക്ഷിക്കാവുന്നതാണ്:

എന്നാൽ, അങ്ങനെയുള്ള ഏതൊരു അപേക്ഷയും ഏററവും കുറഞ്ഞ കൂലിയോ അല്ലെങ്കിൽ മററു സംഖ്യയോ കൊടുക്കേണ്ടതായിത്തീരുന്ന തീയതി മുതൽ ആറുമാസത്തിനുള്ളിൽ ബോധിപ്പിക്കേണ്ടതാണ്:

എന്നുമാത്രമല്ല, ഏതെങ്കിലും അപേക്ഷ മുൻപറഞ്ഞ ആറുമാസത്തിനുള്ളിൽ കൊടുക്കാതിരുന്നതിന് മതിയായ കാരണമുണ്ടെന്ന് അപേക്ഷകൻ അധികാരസ്ഥാനത്തെ ബോദ്ധ്യപ്പെടുത്തുന്നതായാൽ, ആ അപേക്ഷ അങ്ങനെയുള്ള കാലത്തിനുശേഷം സ്വീകരിക്കാവുന്നതാണ്:

(3) (2)-ാം ഉപവകുപ്പിൻകീഴിലെ ഏതെങ്കിലും അപേക്ഷ പരിഗണനയ്ക്ക് സ്വീകരിക്കുന്നതായാൽ അധികാരസ്ഥാനം അപേക്ഷകനും നിയോജകനും പറയാനുള്ളത് കേൾക്കുകയോ അല്ലെങ്കിൽ അവർക്ക് പറയാനുള്ളത് പറയാൻ അവസരം നല്കുകയോ ചെയ്യേണ്ടതും, ആവശ്യമാണെന്ന് കരുതുന്ന കൂടുതൽ അന്വേഷണവിചാരണ വല്ലതുമുണ്ടെങ്കിൽ അതിനുശേഷം, ഈ ആക്ററിൻകീഴിൽ നിയോജകൻ അർഹനായേക്കാവുന്ന മറേറതെങ്കിലും ദണ്ഡനത്തിന് ഭംഗം വരാത്തവിധം,—

(i) ഏററവും കുറഞ്ഞ കൂലി നിരക്കുകളിലും കുറവായി കൊടുത്തതിൽനിന്ന് ഉത്ഭവിക്കുന്ന അവകാശവാദത്തിന്റെ സംഗതിയിൽ ജോലിക്കാരന്, കൊടുക്കേണ്ട ഏററവും കുറഞ്ഞ കൂലി യഥാർത്ഥത്തിൽ കൊടുത്ത തുകയിലും കവിയുന്നത്രയുള്ള തുക അയാൾക്ക് കൊടുക്കുവാനും അതോടൊപ്പം, അധികാരസ്ഥാനത്തിന് യുക്തമെന്ന് തോന്നുന്നതും അങ്ങനെ കവിയുന്ന തുകയുടെ പത്തിരട്ടിയിൽ കവിയാത്തതുമായ നഷ്ടപരിഹാരം കൊടുക്കുന്നതനും;

(ii) മറേറതെങ്കിലും സംഗതിയിൽ, ജോലിക്കാരന് കൊടുക്കേണ്ട തുക കൊടുക്കാനും അതോടൊപ്പം, അധികാരസ്ഥാനത്തിന് യുക്തമെന്ന് തോന്നുന്നതും പത്തുരൂപയിൽ കവിയാത്തതുമായ നഷ്ടപരിഹാരം കൊടുക്കാനും;

നിദേശിക്കാവുന്നതും, ആ കവിയുന്നത്ര തുകയോ കൊടുക്കേണ്ട തുകയോ അപേക്ഷ തീർപ്പാകുന്നതിന് മുൻപ് നിയോജകൻ ജോലിക്കാരന് കൊടുക്കുന്ന സംഗതികളിൽ, അങ്ങനെയുള്ള നഷ്ടപരിഹാരം കൊടുക്കാൻ അധികാരസ്ഥാനത്തിന് നിദേശിക്കാവുന്നതും ആണ്.

(4) ഈ വകുപ്പിൻകീഴിൽ ഏതെങ്കിലും അപേക്ഷ കേൾക്കുന്ന അധികാരസ്ഥാനത്തിന്, ആ അപേക്ഷ ദുരുദ്ദേശ്യപരമായതോ ശല്യമുണ്ടാക്കുന്നതോ ആണെന്ന് ബോദ്ധ്യപ്പെടുന്നുവെങ്കിൽ, അധികാരസ്ഥാനത്തിന്, അപേക്ഷ ബോധിപ്പിക്കുന്ന ആൾ നിയോജകന് അൻപതുരൂപയിൽ കവിയാത്ത ഒരു ദണ്ഡനത്തുക കൊടുക്കണമെന്ന് നിദേശിക്കാവുന്നതാണ്.

(5) ഈ വകുപ്പിൻകീഴിൽ കൊടുക്കാൻ നിദേശിക്കുന്ന ഏതെങ്കിലും തുക—

(ക) അധികാരസ്ഥാനം മജിസ്ട്രേററാണെങ്കിൽ, ആ തുക മജിസ്ട്രേററ് എന്ന നിലയിൽ ആ അധികാരസ്ഥാനം ചുമത്തിയ പിഴ ആയിരുന്നാലെന്നപോലെ, അധികാരസ്ഥാനത്തിനോ;

(ഖ) അധികാരസ്ഥാനം മജിസ്ട്രേററ് അല്ലെങ്കിൽ, ആ തുക ഏത് മജിസ്ട്രേററിനാണോ അധികാരസ്ഥാനം ഇതിലേക്കായി അപേക്ഷ കൊടുക്കുന്നത്, അങ്ങനെയുള്ള ഏതെങ്കിലും മജിസ്ട്രേററ് ചുമത്തിയ പിഴ ആയിരുന്നാലെന്നപോലെ, ആ മജിസ്ട്രേററിനോ,

വസൂലാക്കാവുന്നതാണ്.

(6) അധികാരസ്ഥാനത്തിൻെറ ഈ വകുപ്പിൻകീഴിലെ ഏതൊരു നിദേശവും അന്തിമമായിരിക്കുന്നതാണ്.

(7) (1)-ാം ഉപവകുപ്പിൻകീഴിൽ നിയമിക്കപ്പെടുന്ന ഏതൊരു അധികാരസ്ഥാനത്തിനും, തെളിവെടുക്കുന്നതിനും സാക്ഷികളെ ഹാജരാക്കിക്കുന്നതിനും രേഖകൾ ഹാജരാക്കാൻ നിർബന്ധിക്കുന്നതിനും വേണ്ടി സി.പിൽനടപടി നിയമസംഹിത, 1908 (1908-ലെ 5)-ന് കീഴിൽ സിവിൽക്കോടതിക്കുള്ള എല്ലാ അധികാരങ്ങളും ഉണ്ടായിരിക്കുന്നതും, അങ്ങനെയുള്ള ഏതൊരു അധികാരസ്ഥാനവും ക്രിമിനൽ നടപടി നിയമസംഹിത, 1898 (1898-ലെ 5) 195-ാം വകുപ്പിൻേറയും XXXV-ാം അദ്ധ്യായത്തിൻേറയും എല്ലാ ആവശ്യങ്ങൾക്കും സിവിൽക്കോടതി ആയി കരുതപ്പെടുന്നതും ആകുന്നു.

21. അനേകം ജോലിക്കാരെ സംബന്ധിച്ച ഒററ അപേക്ഷ.—(1) ഏത് പട്ടിക നിയോജനം സംബന്ധിച്ചാണോ ഏററവും കുറഞ്ഞ കൂലി നിരക്കുകൾ നിജപ്പെടുത്തിയിട്ടുള്ളത്, അങ്ങനെയുള്ള പട്ടിക നിയോജനത്തിൽ നിയോജിക്കപ്പെട്ടിട്ടുള്ള എത്രയെങ്കിലും ജോലിക്കാർക്കുവേണ്ടിയോ അവരെ സംബന്ധിച്ചോ 20-ാം വകുപ്പിൻകീഴിൽ ഒരൊററ അപേക്ഷ ബോധിപ്പിക്കാവുന്നതും, അങ്ങനെയുള്ള സംഗതികളിൽ 20-ാം വകുപ്പ് (3)-ാം ഉപവകുപ്പിൻകീഴിൽ അവാർഡ് ചെയ്യാവുന്ന പരമാവധി നഷ്ടപരിഹാരം, അതതുസംഗതിപോലെ, അങ്ങനെയുള്ള കവിയുന്നത്ര തുകകളുടെ ഒട്ടാകെ തുകയുടെ പത്തിരട്ടിയിലോ അല്ലെങ്കിൽ ആളൊന്നിന് പത്തുരൂപയിലോ കവിയാൻ പാടില്ലാത്തതും, അത് നിർണ്ണയിക്കപ്പെടുന്ന ചട്ടങ്ങൾക്ക് വിധേയമായിരിക്കുന്നതും ആകുന്നു.

(2) ഏത് പട്ടിക നിയോജനം സംബന്ധിച്ചാണോ ഏററവും കുറഞ്ഞ കൂലി നിരക്കുകൾ നിജപ്പെടുത്തിയിട്ടുള്ളത്, അങ്ങനെയുള്ള പട്ടിക നിയോജനത്തിലെ ജോലിക്കാരെ സംബന്ധിച്ച് 20-ാം വകുപ്പിൻകീഴിൽ ബോധിപ്പിച്ചിട്ടുള്ളതും, നിലവിലിരിക്കുന്നതുമായ എത്രയെങ്കിലും വെവ്വേറെയുള്ള അപേക്ഷകളെ അധികാരസ്ഥാനത്തിന്, ഈ വകുപ്പിലെ (1)-ാം ഉപവകുപ്പിൻകീഴിൽ ബോധിപ്പിക്കുന്ന ഒരൊററ അപേക്ഷ എന്നപോലെ കൈകാര്യം ചെയ്യാവുന്നതും, ആ ഉപവകുപ്പിലെ വ്യവസ്ഥകൾ അതനുസരിച്ച് ബാധകമാകുന്നതുമാണ്.

22. ചില കുററങ്ങൾക്കുള്ള ദണ്ഡനങ്ങൾ.—ഏതു നിയോജകനാണോ,—

(ക) ഏതെങ്കിലും ജോലിക്കാരന് ആ ജോലിക്കാരൻെറ പ്രവൃത്തിയുടെ തരം പ്രവൃത്തിയ്ക്ക് നിജപ്പെടുത്തിയിട്ടുള്ള ഏററവും കുറഞ്ഞ കൂലി നിരക്കുകളിലും കുറവായോ, അല്ലെങ്കിൽ ഈ ആക്ററിലെ വ്യവസ്ഥകൾക്ക് കീഴിൽ, അയാൾക്ക് കിട്ടാനുള്ള തുകയിലും കുറവായോ കൊടുക്കുകയോ, അല്ലെങ്കിൽ

(ഖ) 13-ാം വകുപ്പിൻകീഴിൽ ഉണ്ടാക്കപ്പെടുന്ന ഏതെങ്കിലും ചട്ടമോ ഉത്തരവോ ഉല്ലംഘിക്കുകയോ,

ചെയ്യുന്നത്, ആ നിയോജകൻ, ആറുമാസത്തോളമാകാവുന്ന കാലത്തേയ്ക്കുള്ള തടവുശിക്ഷയോ, അഞ്ഞൂറുരൂപയോളമാകാവുന്ന പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടും കൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു:

എന്നാൽ ഈ വകുപ്പിൻകീഴിലെ ഒരു കുററത്തിന് ഏതെങ്കിലും പിഴ ചുമത്തുന്നതിൽ, പ്രതിക്ക് എതിരായി 20–ാം വകുപ്പിൻകീഴിൽ എടുത്തിട്ടുള്ള ഏതെങ്കിലും നടപടികളിൽ അവാർഡ് ചെയ്തുകഴിഞ്ഞിട്ടുള്ള ഏതെങ്കിലും നഷ്ടപരിഹാരത്തുക കോടതി പരിഗണനയിൽ എടുക്കേണ്ടതാകുന്നു.

22ക. മററുകുററങ്ങളുടെ ശിക്ഷയ്ക്കുള്ള സാമാന്യവ്യവസ്ഥ.—ഈ ആക്ററിലേയോ അല്ലെങ്കിൽ അതിൻകീഴിൽ ഉണ്ടാക്കപ്പെടുന്ന ഏതെങ്കിലും ചട്ടത്തിലേയോ ഉത്തരവിലേയോ ഏതെങ്കിലും വ്യവസ്ഥ ഉല്ലംഘിക്കുന്ന ഏതു നിയോജകനും, അങ്ങനെയുള്ള ഉല്ലംഘനത്തിന്, ഈ ആക്ററ് മററുദണ്ഡനം വ്യവസ്ഥചെയ്യാത്തപക്ഷം, അഞ്ഞൂറുരൂപയോളമാകാവുന്ന പിഴ ശിക്ഷ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

22ഖ. കുററങ്ങടം നടപടിക്കെടുക്കൽ.—(1) യാതൊരു കോടതിയും, ഏതെങ്കിലും ആടംക്കെതിരായി—

(ക) 22–ാം വകുപ്പ് (ക) ഖണ്ഡത്തിൻകീഴിലെ ഒരു കുററത്തിനുള്ള പരാതി, ആ കുററത്തെ ആ കുററമാക്കുന്ന വസ്തുതകടം സംബന്ധിച്ചുള്ള ഒരു അപേക്ഷ 20–ാം വകുപ്പിൻകീഴിൽ ബോധിപ്പിച്ചിരിക്കുകയും, അത് മുഴുവനായോ ഭാഗികമായോ, അനുവദിക്കപ്പെട്ടിരിക്കുകയും സമുചിത ഗവൺമെൻറാ അല്ലെങ്കിൽ ഇതിലേക്കായി പ്രാധികാരപ്പെടുത്തപ്പെട്ടിട്ടുള്ള ഒരു ഉദ്യോഗസ്ഥനോ ആ പരാതികൊടുക്കുന്നതിന് അനുമതി നല്കിയിരിക്കുകയും ചെയ്യാത്തപക്ഷവും;

(ഖ) 22–ാം വകുപ്പ് (ഖ) ഖണ്ഡത്തിനോ 22ക വകുപ്പിനോ കീഴിലെ ഒരു കുററത്തിനുള്ള പരാതി, ഒരു ഇൻസ്പെക്ടറോ അയാളുടെ അനുമതിയോടുകൂടിയോ കൊടുക്കുന്ന പരാതിയിൻമേലൊഴികേയും,

നടപടിക്കെടുക്കാൻ പാടുള്ളതല്ല.

(2) യാതൊരു കോടതിയും,—

(ക) 22–ാം വകുപ്പ് (ക) ഖണ്ഡത്തിലോ (ഖ) ഖണ്ഡത്തിലോ കീഴിലെ ഒരു കുററം, അതിനെക്കുറിച്ചുള്ള പരാതി ഈ വകുപ്പിൻകീഴിൽ അനുമതി നല്കിയതു മുതൽ ഒരു മാസത്തിനുള്ളിൽ കൊടുക്കാത്തപക്ഷവും;

(ഖ) 22ക വകുപ്പിൻകീഴിലെ ഒരു കുററം, അതിനെക്കുറിച്ചുള്ള പരാതി കുററം ചെയ്തതായി പറയപ്പെട്ട തീയതി മുതൽ ആറു മാസത്തിനുള്ളിൽ കൊടുക്കാത്തപക്ഷവും;

നടപടിക്കെടുക്കാൻ പാടുള്ളതല്ല.

22ഗ. കമ്പനികളാലുള്ള കുററങ്ങടം.—(1) ഈ ആക്ററിൻകീഴിൽ ഒരു കുററം ചെയ്യുന്ന ആടം, കമ്പനിയാണെങ്കിൽ, കമ്പനിയ്ക്ക് പുറമേ, കുററം ചെയ്യപ്പെട്ട സമയത്ത്, കമ്പനിയുടെ ബിസിനസ്സിൻെറ നടത്തിപ്പിനുവേണ്ടി കമ്പനിയുടെ ചാർജ്ജ് ഉണ്ടായിരുന്നതും കമ്പനിയോട് ഉത്തരവാദിയായിരുന്നതുമായ ഏതൊരാളും ആ കുററത്തിന് അപരാധിയാണെന്നു കരുതപ്പെടുന്നതും, അതനുസരിച്ച് എതിരായി നടപടിയെടുക്കപ്പെടുകയും ശിക്ഷിക്കപ്പെടുകയും ചെയ്യാൻ അർഹനാകുന്നതും ആണ്:

എന്നാൽ, ഈ ഉപവകുപ്പിൽ അടങ്ങിയ യാതൊന്നും, അങ്ങനെയുള്ള ഏതെങ്കിലും ആളെ കുററം ചെയ്യപ്പെട്ടത് തൻെറ അറിവുകൂടാതെയാണെന്നോ, അല്ലെങ്കിൽ അങ്ങനെയുള്ള കുററം ചെയ്യപ്പെടുന്നത് തടയാൻ താൻ വേണ്ടത്ര

ശ്രദ്ധ ചെലുത്തിയിരുന്നുവെന്നോ അയാഠം തെളിയിക്കുന്നുവെങ്കിൽ, ഈ ആക്ററിൽ വ്യവസ്ഥചെയ്യുന്ന ഏതെങ്കിലും ശിക്ഷയ്ക്കു അർഹനാക്കുന്നതല്ല.

(2) (1)-ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഈ ആക്ററിൻകീഴിലെ ഒരു കുററം ഒരു കമ്പനി ചെയ്തിരിക്കുകയും ആ കുററം ആ കമ്പനിയിലെ ഏതെങ്കിലും ഡയറക്ടറുടേയോ, മാനേജറുടേയോ, സെക്രട്ടറിയുടേയോ മററു ഉദ്യോഗസ്ഥൻേറയോ സമ്മതത്തോടോ, മൗനാനുവാദത്തോടോ കൂടി ചെയ്തിട്ടുള്ളതാണെന്നോ, അല്ലെങ്കിൽ അവരുടെ ഭാഗത്തുനിന്നുള്ള ഏതെങ്കിലും ഉപേക്ഷമൂലമാണെന്നു കല്പിക്കപ്പെടാവുന്നതാണെന്നോ തെളിയിക്കുകയും ചെയ്യുന്നിടത്ത്, കമ്പനിയുടെ അങ്ങനെയുള്ള ഡയറക്ടറോ, മാനേജരോ, സെക്രട്ടറിയോ, മററു ഉദ്യോഗസ്ഥനോ കൂടി ആ കുററത്തിന്, അപരാധിയാണെന്നു കരുതപ്പെടുന്നതും, അതനുസരിച്ച് എതിരായി നടപടി എടുക്കപ്പെടുകയും ശിക്ഷിക്കപ്പെടുകയും ചെയ്യാൻ അർഹനായിരിക്കുന്നതും ആണ്.

വിശദീകരണം:—ഈ വകുപ്പിൻെറ ആവശ്യങ്ങഠംക്ക്,—

(ക) ''കമ്പനി''എന്നാൽ, ഏതെങ്കിലും ഏകാംഗീകൃതനികായമെന്ന് അർത്ഥമാകുന്നതും, അതിൽ ഒരു ഫേമോ വ്യക്തികളുടെ മററു സംഘടനയോ ഉഠംപ്പെടുന്നതും,

(ഖ) ''ഡയറക്ടർ'' എന്നാൽ, ഒരു ഫേം സംബന്ധിച്ച് അതിലെ പങ്കാളി എന്നർത്ഥമാകുന്നതും,

ആണ്.

22ഘ. <u>ജോലിക്കാർക്ക് കിട്ടാനുള്ളതും കൊടുത്തിട്ടില്ലാത്തതുമായ തുകകഠം കൊടുക്കുന്നത്.</u>—ഈ ആക്ററിൻകീഴിൽ ഒരു ജോലിക്കാരൻെറ ഏററവും കുറഞ്ഞ കൂലികളുടെ തുകയായി നിയോജകൻ ആ ജോലിക്കാരന് കൊടുക്കേണ്ടതോ അല്ലെങ്കിൽ ഈ ആക്ററിൻേറയോ അതിൻകീഴിൽ ഉണ്ടാക്കപ്പെടുന്ന ഏതെങ്കിലും ചട്ടത്തിൻേറയോ ഉത്തരവിൻേറയോ കീഴിൽ ആ ജോലിക്കാരന് മററു വിധത്തിൽ കിട്ടാനുള്ളതോ ആയ എല്ലാ തുകകളും പണം കൊടുക്കുന്നതിനു മുമ്പ് ആ ജോലിക്കാരൻ മരിച്ചുപോകുന്നതു കാരണമായോ അല്ലെങ്കിൽ അയാഠം എവിടെയാണെന്നു അറിവില്ലാത്തതുകാരണമായോ കൊടുക്കാൻ കഴിഞ്ഞിട്ടില്ലാതിരിക്കുകയോ കഴിയാതിരിക്കുകയോ ചെയ്യുന്നുവെങ്കിൽ, നിർണ്ണയിക്കപ്പെടുന്ന അധികാരസ്ഥാനംവശം ഡെപ്പോസിററ് ചെയ്യേണ്ടതും ആ അധികാരസ്ഥാനം അപ്രകാരം ഡെപ്പോസിററ് ചെയ്യപ്പെടുന്ന പണം നിർണ്ണയിക്കപ്പെടുന്ന രീതിയിൽ കൈകാര്യം ചെയ്യേണ്ടതുമാകുന്നു.

22ങ. <u>ഗവൺമെൻറുവശമുള്ള, നിയോജകൻെറ ആസ്തികഠം ജപ്തിയ്ക്കെതിരായുള്ള സംരക്ഷണം.</u>—സമുചിത ഗവൺമെൻറുമായുള്ള ഒരു കാൺട്രാക്ററിൻെറ യഥാവിധിയുള്ള നിർവ്വഹണം ഉറപ്പുവരുത്തുന്നതിനായി ഒരു നിയോജകൻ ആ ഗവൺമെൻറുവശം ഡെപ്പോസിററ് ചെയ്യുന്ന ഏതെങ്കിലും തുകയും, അങ്ങനെയുള്ള കാൺട്രാക്ററ് സംബന്ധിച്ച് ആ ഗവൺമെൻറിൽ നിന്ന് അങ്ങനെയുള്ള നിയോജകന് കിട്ടാനുള്ള മറേറതെങ്കിലും തുകയും, മുൻപറഞ്ഞ കാൺട്രാക്ററ് സംബന്ധമായി നിയോജിക്കപ്പെട്ടിട്ടുള്ള ഏതെങ്കിലും ജോലിക്കാരന് കൊടുക്കാനുള്ള കടമോ അയാളോടുള്ള ബാദ്ധ്യതയോ അല്ലാതെ നിയോജകൻ നേരിട്ടിട്ടുള്ള മറേറതെങ്കിലും കടമോ ബാദ്ധ്യതയോ സംബന്ധിച്ചുള്ള ഏതെങ്കിലും കോടതിയുടെ ഏതെങ്കിലും വിധിയ്ക്കോ ഉത്തരവിനോ കീഴിൽ ജപ്തിയ്ക്കു വിധേയമായിരിക്കുന്നതല്ല.

22ച. പട്ടിക നിയോജനങ്ങൾക്ക് കൂലി കൊടുക്കൽ ആക്റ്റ്, 1936, ബാധകമാകുന്നത്.—(1) കൂലി കൊടുക്കൽ ആക്റ്റ്, 1936 (1936-ലെ 4) -ൽ എന്തുതന്നെ അടങ്ങിയിരുന്നാലും, സമുചിതഗവൺമെൻറിന്, ഔദ്യോഗിക ഗസററിൽ വിജ്ഞാപനംവഴി, മുൻപറഞ്ഞ ആക്റ്റിലെ എല്ലാ വ്യവസ്ഥകളുമോ അവയിൽ ഏതെങ്കിലുമോ, വിജ്ഞാപനത്തിൽ വിനിർദേശിക്കുന്ന രൂപഭേദങ്ങൾ വല്ലതുമുണ്ടെങ്കിൽ അവയോടുകൂടി, വിജ്ഞാപനത്തിൽ വിനിർദേശിക്കുന്ന പട്ടിക നിയോജനങ്ങളിലെ ജോലിക്കാർക്ക് കൊടുക്കേണ്ട കൂലിയ്ക്ക് (2)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾക്ക് വിധേയമായി, ബാധകമാകുന്നതാണെന്ന് നിദേശിക്കാവുന്നതാണ്.

(2) മുൻപറഞ്ഞ ആക്റ്റിലെ എല്ലാ വ്യവസ്ഥകളുമോ അവയിൽ ഏതെങ്കിലുമോ, (1)-ാം ഉപവകുപ്പിൻകീഴിൽ ഏതെങ്കിലും പട്ടിക നിയോജനത്തിലെ ജോലിക്കാർക്ക് കൊടുക്കേണ്ട കൂലിക്ക് ബാധകമാക്കപ്പെടുന്നിടത്ത്, ഈ ആക്റ്റിൻകീഴിൽ നിയമിക്കപ്പെടുന്ന ഇൻസ്പെക്ററർ, അപ്രകാരം ബാധകമാക്കപ്പെടുന്ന വ്യവസ്ഥകൾ തൻെറ അധികാരിതയുടെ തദ്ദേശാതിർത്തികൾക്കുള്ളിൽ പ്രാവർത്തികമാക്കുന്നതിന് വേണ്ടിയുള്ള ഇൻസ്പെക്ററർ ആയി കരുതപ്പെടുന്നതാകുന്നു.

23. ചിലസംഗതികളിൽ നിയോജകനെ ബാദ്ധ്യതയിൽ നിന്ന് ഒഴിവാക്കൽ.—നിയോജകൻ ഈ ആക്റ്റിന് എതിരായുള്ള ഒരു കുററത്തിനു ചാർജ്ജ് ചെയ്യപ്പെടുന്നിടത്ത്, അയാൾ മുറപ്രകാരം പരാതി കൊടുക്കുന്നതിൻമേൽ യഥാർത്ഥകുററക്കാരനാണെന്ന് താൻ ആരോപിക്കുന്ന മറേറതെങ്കിലും ആളെ, ചാർജ്ജിൻെറ ഹീയറിങ്ങ് നിശ്ചയിച്ചിട്ടുള്ള സമയത്ത്, കോടതിമുമ്പാകെ വരുത്തുന്നതിന് അയാൾക്ക് അവകാശമുണ്ടായിരിക്കുന്നതും; കുററം ചെയ്തത് തെളിയിക്കപ്പെട്ടതിനുശേഷം നിയോജകൻ കോടതിയ്ക്കു ബോദ്ധ്യപ്പെടുന്ന വിധം—

(ക) ഈ ആക്റ്റ് നടപ്പാക്കൽ പ്രാവർത്തികമാക്കാൻ താൻ വേണ്ടത്ര ശ്രദ്ധചെലുത്തിട്ടുണ്ടെന്നും;

(ഖ) തൻെറ അറിവോ സമ്മതമോ മൗനാനുവാദമോ കൂടാതെയാണ് മുൻപറഞ്ഞ മറേറയാൾ പ്രശ്നത്തിലുള്ള കുററം ചെയ്തതെന്നും;

തെളിയിക്കുന്നുവെങ്കിൽ, ആ മറേറയാൾ, ആ കുററത്തിന് കുററസ്ഥാപനം ചെയ്യപ്പെടുന്നതും അയാൾ നിയോജകൻ ആയിരുന്നാലെന്നപോലെയുള്ള ശിക്ഷയ്ക്കു അർഹനായിരിക്കുന്നതും, നിയോജകൻ ഡിസ്ചാർജ്ജ് ചെയ്യപ്പെടുന്നതും ആണ്:

എന്നാൽ മുൻപറഞ്ഞതുപോലെ, തെളിയിക്കാൻ മുതിരുന്നതിൽ, നിയോജകൻ ശപഥത്തിൻമേൽ വിസ്തരിക്കപ്പെടാവുന്നതും നിയോജകൻേറയോ അയാൾക്ക് വല്ല സാക്ഷിയുമുണ്ടെങ്കിൽ സാക്ഷിയുടേയോ തെളിവ്, യഥാർത്ഥ കുററക്കാരനാണെന്ന് നിയോജകൻ ആരോപിക്കുന്ന ആളാലോ അയാൾക്ക് വേണ്ടിയോ ഉള്ള എതിർവിസ്താരത്തിനും പ്രാസിക്യൂട്ടറാലുള്ള എതിർവിസ്താരത്തിനും വിധേയമായിരിക്കുന്നതും ആണ്.

24. വ്യവഹാരതടസ്സം.—യാതൊരു കോടതിയും, കൂലി വസൂലാക്കുന്നതിനുള്ള ഏതെങ്കിലും വ്യവഹാരം, അപ്രകാരം അവകാശപ്പെടുന്ന തുക—

(ക) വാദിയോ വാദിക്കുവേണ്ടിയോ 20-ാം വകുപ്പിൻകീഴിൽ ബോധിപ്പിച്ചിട്ടുള്ള ഒരപേക്ഷയ്ക്കു വിഷയമാണെന്നിരിക്കുകയോ,

(ഖ) ആ വകുപ്പിൻകീഴിലെ വാദിക്ക് അനുകൂലമായ ഒരു നിദേശത്തിന് വിഷയമായിട്ടുണ്ടെന്നിരിക്കുകയോ,

(ഗ) വാദിക്കു കിട്ടാനുള്ളതല്ലെന്നു ആ വകുപ്പിൻകീഴിലെ ഏതെങ്കിലും നടപടിയിൽ ന്യായനിർണ്ണയം ചെയ്യപ്പെട്ടിരിക്കുകയോ,

(ഘ) ആ വകുപ്പിൻകീഴിലെ അപേക്ഷവഴി വസൂലാക്കപ്പെടാമായിരുന്നിരിക്കുകയോ,

ചെയ്യുന്നിടത്തോളം പരിഗണനയ്ക്ക് സ്വീകരിക്കാൻ പാടുള്ളതല്ല.

25. <u>കാൺട്രാക്ററ്വഴി ഒഴിഞ്ഞുമാറൽ.</u>—ഏതു കാൺട്രാക്റേറാ കരാറോ വഴിയാണോ ഒരു ജോലിക്കാരൻ ഈ ആക്ററിൻകീഴിൽ തനിക്കുള്ള ഏററവും കുറഞ്ഞകൂലി നിരക്കിനുള്ള അവകാശമോ തനിക്ക് സിദ്ധിക്കുന്ന ഏതെങ്കിലും വിശേഷാവകാശമോ ആനുകൂല്യമോ വിട്ടുകൊടുക്കുകയോ കുറയ്ക്കുകയോ ചെയ്യുന്നത്, അങ്ങനെയുള്ള ഏതെങ്കിലും കാൺട്രാക്റേറാ കരാറോ, അത് ഈ ആക്ററിന്റെ പ്രാരംഭത്തിനുമുമ്പോ അതിനുശേഷമോ ഉണ്ടാക്കിയതായിരുന്നാലും, ഈ ആക്ററിൻകീഴിൽ നിജപ്പെടുത്തിയിട്ടുള്ള ഏററവും കുറഞ്ഞ കൂലി നിരക്ക് കുറയ്ക്കുന്നതായി കരുതപ്പെടുന്നിടത്തോളം അസാധുവും ശൂന്യവുമായിരിക്കുന്നതാണ്.

26. <u>ഒഴിവാക്കലുകളും അപവാദങ്ങളും.</u>—(1) ഈ ആക്ററിലെ വ്യവസ്ഥകൾ, അംഗവൈകല്യം സംഭവിച്ച ജോലിക്കാർക്ക് കൊടുക്കേണ്ട കൂലി സംബന്ധിച്ച് ബാധകമാകുന്നതല്ലെന്ന്, സമുചിതഗവൺമെൻറിന്, ചുമത്തുന്നത് യുക്തമാണെന്നു തോന്നുന്ന ഉപാധികൾ വല്ലതുമുണ്ടെങ്കിൽ, അവയ്ക്ക് വിധേയമായി നിദേശിക്കാവുന്നതാണ്.

(2) സമുചിതഗവൺമെൻറിന്, അത് വിനിർദ്ദേശിക്കുന്ന ഉപാധികൾക്ക് വിധേയമായും, കാലത്തേയ്ക്കും, ഈ ആക്ററിലെ വ്യവസ്ഥകളോ അവയിൽ ഏതെങ്കിലുമോ ഏതെങ്കിലും പട്ടിക നിയോജനത്തിൽ നിയോജിക്കപ്പെട്ടിട്ടുള്ള എല്ലാ ജോലിക്കാർക്കുമോ ഏതെങ്കിലുംതരം ജോലിക്കാർക്കോ അല്ലെങ്കിൽ പട്ടിക നിയോജനം നടത്തികൊണ്ടുപോകുന്ന ഏതെങ്കിലും പ്രദേശത്തേക്കോ ബാധകമാകുന്നതല്ലെന്നു നിദേശിക്കുന്നത് യുക്തമാണെന്ന് പ്രത്യേകകാരണങ്ങളാൽ തോന്നുന്നുവെങ്കിൽ, ഔദ്യോഗികഗസററിൽ വിജ്ഞാപനംവഴി, അപ്രകാരം ചെയ്യാവുന്നതാണ്.

(2ക) ഏതെങ്കിലും തരം ജോലിക്കാരന്, ഒരു പട്ടികനിയോജനത്തിൽ സാമാന്യമായോ, ഒരു തദ്ദേശപ്രദേശത്തുള്ള ഒരു പട്ടികനിയോജനത്തിലോ നിയോജിക്കപ്പെട്ടിട്ടുള്ള ഏതെങ്കിലും തരം ജോലിക്കാർക്കോ അല്ലെങ്കിൽ ഒരു പട്ടികനിയോജനത്തിലെ ഏതെങ്കിലും സ്ഥാപനത്തിനോ, ഏതെങ്കിലും സ്ഥാപനത്തിന്റെ ഭാഗത്തിനോ ബാധകമായ സേവനനിബന്ധനകളും സേവന വ്യവസ്ഥകളും പരിഗണിച്ച്, ആ തരത്തിൽപ്പെട്ട ജോലിക്കാരിലോ അങ്ങനെയുള്ള സ്ഥാപനത്തിലോ സ്ഥാപനത്തിന്റെ ഭാഗത്തിലോഉള്ളജോലിക്കാരിലോ, ഇതിലേക്കായി നിർണ്ണയിക്കപ്പെടുന്ന പരിധികളിൽ കവിഞ്ഞുള്ള കൂലി കിട്ടിക്കൊണ്ടിരിക്കുന്നവരെ സംബന്ധിച്ച്, ഏററവും കുറഞ്ഞ കൂലി നിജപ്പെടുത്തേണ്ടയാവശ്യമില്ലെന്നഭിപ്രായമുണ്ടെങ്കിൽ, സമുചിതഗവൺമെൻറിന് ഈ ആക്ററിലെ വ്യവസ്ഥകളോ അവയിൽ ഏതെങ്കിലുമോ അങ്ങനെയുള്ള ജോലിക്കാരെ സംബന്ധിച്ച് ബാധകമാകുന്നതല്ലെന്ന്, ഔദ്യോഗികഗസററിൽ വിജ്ഞാപനം വഴിയും, ചുമത്തുന്നത് യുക്തമാണെന്നു തോന്നുന്ന ഉപാധികൾ വല്ലതുമുണ്ടെങ്കിൽ അവയ്ക്ക് വിധേയമായും, നിദേശിക്കാവുന്നതാണ്.

(3) ഈ ആക്ററിലെ യാതൊന്നും, നിയോജകൻ,തന്റെ കുടുംബത്തിലെ, തന്നോടൊപ്പം താമസിക്കുന്നവനും തന്നെ ആശ്രയിക്കുന്നവനുമായ ഒരംഗത്തിന് കൊടുക്കേണ്ട കൂലിയ്ക്ക് ബാധകമാകുന്നതല്ല.

വിശദീകരണം:—ഈ ഉപവകുപ്പിൽ നിയോജകൻെറ കുടുംബത്തിലെ അംഗ ത്തിൽ, അയാളുടേയോ അവളുടേയോ ഭാര്യയോ ഭർത്താവോ, കുട്ടിയോ, മാതാവോ പിതാവോ, സഹോദരനോ സഹോദരിയോ ഉൾപ്പെടുന്നതായി കരുത പ്പെടുന്നതാകുന്നു.

27. പട്ടികയിൽ ചേർക്കുന്നതിന് സ്റേററ് ഗവൺമെൻറിനുള്ള അധികാരം.—സമുചിതഗവൺമെൻറിന് ഈ ആക്ററിൻകീഴിൽ ഏതു് നിയോ ജനം സംബന്ധിച്ചാണോ ഏററവും കുറഞ്ഞ കൂലി നിരക്ക് നിജപ്പെടുത്തേണ്ടതാ ണെന്ന് അതിന് അഭിപ്രായമുള്ളത്, അങ്ങനെയുള്ള ഏതെങ്കിലും നിയോജനം പട്ടികയിലെ ഇരുഭാഗങ്ങളിൽ ഏതിലെങ്കിലും ചേർക്കാനുള്ള അതിൻെറ ഉദ്ദേശ്യ ത്തെക്കുറിച്ച് മൂന്നുമാസത്തിൽ കുറയാത്ത നോട്ടീസ് ഔദ്യോഗികഗസററിൽ വിജ്ഞാപനംവഴി നല്കിയതിനുശേഷം, സദൃശവിജ്ഞാപനംവഴി അപ്രകാരം ചേർക്കാവുന്നതും, അതോടെ പട്ടിക ആ സ്റേററിലേയ്ക്ക് ബാധകമാകുന്ന തിൽ, അതനുസരിച്ച് ഭേദഗതി ചെയ്യപ്പെട്ടതായി കരുതപ്പെടുന്നതും ആകുന്നു.

28. നിദേശങ്ങൾ നല്കാൻ കേന്ദ്രഗവൺമെൻറിനുള്ള അധികാരം.— കേന്ദ്രഗവൺമെൻറിന്, ഈ ആക്ററ് ഒരു സ്റേററിൽ നടപ്പിലാക്കുന്നതിനെ ക്കുറിച്ച് ആ സ്റേററ് ഗവൺമെൻറിന് നിദേശങ്ങൾ നല്കാവുന്നതാണ്.

29. ചട്ടങ്ങൾ ഉണ്ടാക്കാൻ കേന്ദ്രഗവൺമെൻറിനുള്ള അധികാരം.— കേന്ദ്രഗവൺമെൻറിന് മുൻകൂട്ടി പ്രസിദ്ധപ്പെടുത്തണമെന്ന ഉപാധിക്ക് വിധേയമായി, ഔദ്യോഗികഗസററിൽ വിജ്ഞാപനംവഴി, കേന്ദ്ര ഉപദേശക ബോർഡിൻെറ അംഗങ്ങളുടെ ഉദ്യോഗകാലാവധിയും, കാര്യങ്ങളുടെ നടത്തിപ്പിൽ അനുവർത്തിക്കേണ്ട നടപടിക്രമവും, വോട്ടിങ്ങ് സംപ്രദായവും, അംഗത്വ ത്തിൽ ഉണ്ടാകുന്ന യാദൃശ്ചികമായ ഒഴിവുകൾ നികത്തുന്ന രീതിയും കാര്യങ്ങൾ നടത്തുന്നതിന് ആവശ്യമായ കോറവും നിർണ്ണയിക്കുന്ന ചട്ടങ്ങൾ ഉണ്ടാക്കാവുന്ന താണ്.

30. ചട്ടങ്ങൾ ഉണ്ടാക്കാൻ സമുചിതഗവൺമെൻറിനുള്ള അധികാരം.—(1) സമുചിതഗവൺമെൻറിന്, മുൻകൂട്ടി പ്രസിദ്ധപ്പെടുത്തണമെന്ന ഉപാധിക്ക് വിധേയമായി, ഔദ്യോഗിക ഗസററിൽ വിജ്ഞാപനംവഴി, ഈ ആക്ററിൻെറ ആവശ്യങ്ങൾ നടപ്പാക്കുന്നതിന് ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്;

(2) മുൻപറഞ്ഞ അധികാരത്തിൻെറ സാമാന്യതയ്ക്ക് ഭംഗംവരാതെ, അങ്ങനെയുള്ള ചട്ടങ്ങൾക്ക്,—

(ക) കമ്മിററികളുടേയും സബ്കമ്മിററികളുടേയും ഉപദേശക ബോർഡിൻേറയും അംഗങ്ങളുടെ ഉദ്യോഗകാലാവധിയും കാര്യ ങ്ങളുടെ നടത്തിപ്പിൽ അനുവർത്തിക്കേണ്ട നടപടിക്രമവും, വോട്ടിങ്ങ് സംപ്രദായവും, അംഗത്വത്തിലുണ്ടാകുന്ന യാദൃച്ഛികമായ ഒഴിവുകൾ നികത്തുന്ന രീതിയും, കാര്യങ്ങൾ നടത്തുന്നതിന് ആവശ്യകമായ കോറവും, നിർണ്ണയിക്കുകയും;

(ഖ) കമ്മിററികളുടേയും സബ്കമ്മിററികളുടേയും, ഉപദേശക ബോർഡിൻേറയും മുമ്പാകെയുള്ള അന്വേഷണവിചാരണയുടെ വിഷയവസ്തുവിന് പ്രസക്തമായ സാക്ഷികളെ സമൻചെ യ്യുന്നതിനും, രേഖകൾ ഹാജരാക്കുന്നതിനും, ഉള്ള സംപ്രദായം നിർണ്ണയിക്കുകയും;

(ഗ) സാധനമായുള്ള കൂലിയുടേയും, സൗജന്യനിരക്കിൽ അവശ്യ സാധനങ്ങൾ നല്കൽ സംബന്ധിച്ച സൗജന്യത്തിൻേറയും പണ മായുള്ള കണക്കുകൂട്ടുന്ന രീതി നിർണ്ണയിക്കുകയും;

(ഘ) കൂലി കൊടുക്കലിനുള്ള സമയവും ഉപാധികളും കൂലിയിൽ നിന്നു് അനുവദനീയമായ കിഴിവുകളും നിർണ്ണയിക്കുകയും;

(ങ) ഈ ആക്ററിൻകീഴിൽ നിജപ്പെടുത്തിയിട്ടുള്ള ഏററവും കുറഞ്ഞ കൂലി നിരക്കുകൾക്ക് പര്യാപ്തമായ പ്രസിദ്ധീകരണം നല്കുന്നതിന് വ്യവസ്ഥചെയ്യുകയും;

(ച) ഏതൊരു ഏഴുദിവസക്കാലത്തിലും ഒരു വിശ്രമദിവസത്തിനും, അങ്ങനെയുള്ള ദിവസം സംബന്ധിച്ച് വേതനം കൊടുക്കുന്നതിനും വ്യവസ്ഥചെയ്യുകയും;

(ഛ) ഒരു സാധാരണ പ്രവൃത്തിദിവസമാകുന്നതിന് വേണ്ട പ്രവൃത്തി മണിക്കൂറുകളുടെ എണ്ണം നിർണ്ണയിക്കുകയും;

(ജ) ഒരു സാധാരണ പ്രവൃത്തിദിവസമാകുന്നതിന് വേണ്ട മണിക്കൂറുകളുടെ എണ്ണത്തിലും കുറവായ കാലയളവിലേയ്ക്ക് നിയോജിക്കപ്പെടുന്ന ഒരു ജോലിക്കാരന്, ഒരു പൂർണ്ണമായ സാധാരണ പ്രവൃത്തിദിവസത്തേക്ക് കൂലികിട്ടാൻ അവകാശമുണ്ടായിരിക്കാത്തത് ഏത് സംഗതികളിലും പരിതഃസ്ഥിതികളിലുമാണെന്ന് നിർണ്ണയിക്കുകയും;

(ഝ) വച്ചുപോരേണ്ട രജിസ്ററുകളുടേയും റിക്കാർഡുകളുടേയും ഫാറവും, അങ്ങനെയുള്ള രജിസ്ററുകളിലും റിക്കാർഡുകളിലും ചേർക്കേണ്ട വിവരങ്ങളും നിർണ്ണയിക്കുകയും;

(ഞ) കൂലി ബുക്കുകളും കൂലി സ്ലിപ്പുകളും നല്കുന്നതിന് വ്യവസ്ഥചെയ്യുകയും കൂലി ബുക്കുകളിലും കൂലി സ്ലിപ്പുകളിലും ഉൾക്കുറിപ്പുകളും ചേർക്കുകയും പ്രമാണീകരിക്കുകയും ചെയ്യേണ്ട രീതി നിർണ്ണയിക്കുകയും;

(ട) ഈ ആക്ററിന്റെ ആവശ്യങ്ങൾക്ക് ഇൻസ്പെക്ടർമാരുടെ അധികാരങ്ങൾ നിർണ്ണയിക്കുകയും;

(ഠ) 20–ാം വകുപ്പിൻകീഴിലെ നടപടികൾക്ക് അനുവദിക്കാവുന്ന കോടതിച്ചെലവിന്റെ തോത് ക്രമപ്പെടുത്തുകയും;

(ഡ) 20–ാം വകുപ്പിൻകീഴിലെ നടപടികൾ സംബന്ധിച്ച് കൊടുക്കേണ്ട കോർട്ട്ഫീസ് തുക നിർണ്ണയിക്കുകയും;

(ഢ) നിർണ്ണയിക്കേണ്ടതോ നിർണ്ണയിക്കാവുന്നതോ ആയ മറേറതെങ്കിലും വിഷയത്തിന് വ്യവസ്ഥചെയ്യുകയും;

ചെയ്യാവുന്നതാണ്.

30ക. <u>കേന്ദ്രഗവൺമെൻറുണ്ടാക്കുന്ന ചട്ടങ്ങൾ പാർലമെൻറ് മുമ്പാകെ വയ്ക്കണമെന്ന്.</u>—ഈ ആക്ററിൻകീഴിൽ കേന്ദ്രഗവൺമെൻറ് ഉണ്ടാക്കുന്ന ഏതൊരു ചട്ടവും, അത് ഉണ്ടാക്കിയതിനുശേഷം ആകുന്നത്രവേഗത്തിൽ, പാർലമെൻറ് സമ്മേളനത്തിലിരിക്കുമ്പോൾ അതിന്റെ ഓരോ സഭയുടേയും മുമ്പാകെ, ഒരു സമ്മേളനത്തിലോ തുടർച്ചയായുള്ള രണ്ടുസമ്മേളനങ്ങളിലോ ആയി ആകെ മുപ്പതുദിവസക്കാലത്തേയ്ക്കു വയ്ക്കേണ്ടതും, ഏതുസമ്മേളനത്തിലാണോ അതു അപ്രകാരം വച്ചിട്ടുള്ളത്, ആ സമ്മേളനമോ അതിനെ തൊട്ടടുത്തുവരുന്ന സമ്മേളനമോ അവസാനിക്കുന്നതിനുമുമ്പ്, ഇരുസഭകളും ആ ചട്ടത്തിൽ ഏതെങ്കിലും രൂപഭേദം വരുത്തുന്നതിൽ യോജിക്കുകയോ, അല്ലെങ്കിൽ ഇരുസഭകളും ആ ചട്ടം ഉണ്ടാക്കരുതെന്നതിൽ യോജിക്കുകയോ, ചെയ്യുന്നുവെങ്കിൽ, അതിനുശേഷം ആ ചട്ടത്തിന്, അതതുസംഗതിപോലെ, രൂപഭേദപ്പെടു

ത്തിയ രൂപത്തിൽമാത്രം പ്രഭാവം ഉണ്ടായിരിക്കുകയോ, പ്രഭാവം ഇല്ലാതിരിക്കുകയോ ചെയ്യുന്നതും ആകുന്നു; എന്നാൽ അങ്ങനെയുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ പ്രഭാവശൂന്യമാക്കലോ ആ ചട്ടത്തിൻകീഴിൽ മുമ്പ് ചെയ്യപ്പെട്ടിട്ടുള്ള എന്തിൻേറയെങ്കിലും സാധുതയ്ക്കു ഭംഗംവരാത്തവിധത്തിൽ ആയിരിക്കുന്നതാണ്.

31. ചില ഏററവും കുറഞ്ഞ കൂലി നിരക്കുകരം നിജപ്പെടുത്തിയത് സാധുവാക്കൽ.—സമുചിതഗവൺമെൻറ്,—

(ക) 1952 ഏപ്രിൽ 1–ാം ദിവസം ആരംഭിക്കുകയും, ഏററവും കുറഞ്ഞ കൂലി (ഭേദഗതി) ആക്ററ്, 1954 (1954–ലെ 26) –ൻെറ പ്രാരംഭത്തീയതിയോടുകൂടി അവസാനിക്കുകയും ചെയ്യുന്നതോ;

(ഖ) 1954 ഡിസംബർ 31–ാം ദിവസം ആരംഭിക്കുകയും, ഏററവും കുറഞ്ഞകൂലി (ഭേദഗതി) ആക്ററ്, 1957 (1957–ലെ 30) –ൻെറ പ്രാരംഭത്തീയതിയോടുകൂടി അവസാനിക്കുകയും ചെയ്യുന്നതോ,

(ഗ) 1959 ഡിസംബർ 31–ാം ദിവസം ആരംഭിക്കുകയും, ഏററവും കുറഞ്ഞകൂലി (ഭേദഗതി) ആക്ററ്, 1961–ൻെറ പ്രാരംഭത്തീയതിയോടുകൂടി അവസാനിക്കുകയും ചെയ്യുന്നതോ,

ആയ കാലയളവിൽ പട്ടികയിൽ വിനിർദ്ദേശിക്കുന്ന ഏതെങ്കിലും നിയോജനത്തിൽ നിയോജിക്കപ്പെട്ടിട്ടുള്ള ജോലിക്കാർക്ക് കൊടുക്കേണ്ടതായ ഏററവും കുറഞ്ഞകൂലി നിരക്കുകരം, അവ, അതത് സംഗതിപോലെ, ഏററവും കുറഞ്ഞ കൂലി (ഭേദഗതി) ആക്ററ്, 1954 (1954–ലെ 26) –ൻേറയോ ഏററവും കുറഞ്ഞ കൂലി(ഭേദഗതി) ആക്ററ്, 1957 (1957–ലെ 30)–ൻേറയോ അല്ലെങ്കിൽ ഏററവും കുറഞ്ഞകൂലി (ഭേദഗതി) ആക്ററ്,1961–ൻേറയോ പ്രാരംഭത്തിന് തൊട്ടുമുൻപ് പ്രാബല്യത്തിലിരിക്കുന്നതുപോലെയുള്ള 3–ാം വകുപ്പ് (1)–ാം ഉപവകുപ്പ് (ക) ഖണ്ഡത്തിൻകീഴിൽ നിജപ്പെടുത്തുകയാണെന്നുള്ള വിശ്വാസത്തിലോ, വിശ്വാസത്തിലാണെന്നു കരുതപ്പെടാവുന്ന നിലയിലോ, നിജപ്പെടുത്തിയിട്ടുള്ളിടത്ത്, അങ്ങനെയുള്ള നിരക്കുകരം നിയമം അനുസരിച്ച് നിജപ്പെടുത്തിയിട്ടുള്ളതാണെന്നു കരുതപ്പെടുന്നതും, അവ നിജപ്പെടുത്തിയ സമയത്ത്, അതിലേക്കായി ആ ഖണ്ഡത്തിൽ വിനിർദ്ദേശിച്ച പ്രസക്തതീയതി കഴിഞ്ഞുപോയിരുന്നു എന്ന കാരണത്തിൻമേൽമാത്രം ഏതെങ്കിലും കോടതിയിൽ ചോദ്യം ചെയ്യപ്പെടാൻ പാടില്ലാത്തതും ആകുന്നു:

എന്നാൽ ഈ വകുപ്പിൽ അടങ്ങിയ യാതൊന്നും, ഏതെങ്കിലും ആരം, ഈ വകുപ്പിൽ വിനിർദ്ദേശിച്ചിട്ടുള്ള കാലയളവിൽ, തൻെറ ജോലിക്കാരിൽ ആർക്കെങ്കിലും കൂലിയായി ഈ വകുപ്പിൽ പരാമർശിച്ചിട്ടുള്ള ഏററവും കുറഞ്ഞകൂലി നിരക്കുകളിലും കുറവായ തുക കൊടുത്തുവെന്ന കാരണത്താലോ, അല്ലെങ്കിൽ മേൽപറഞ്ഞ കാലയളവിൽ 13–ാം വകുപ്പിൻകീഴിൽ പുറപ്പെടുവിച്ച ഏതെങ്കിലും ഉത്തരവോ ചട്ടമോ അനുസരിക്കാതിരുന്നുവെന്ന കാരണത്താലോ, ഏതെങ്കിലും ശിക്ഷയോ ദണ്ഡനമോ, അതെന്തായാലും, അയാളെ ബാധിക്കുമാറ് വ്യാപിക്കുകയോ, വ്യാപിക്കുന്നതായി കരുതപ്പെടുകയോ ചെയ്യുന്നതല്ല.

പട്ടിക

[2 (ഛ) യും 27–ം വകുപ്പുകരം നോക്കുക]

ഭാഗം I

1. കമ്പളി പരവതാനികരം ഉണ്ടാക്കുന്നതോ ഷാരം നെയ്യുന്നതോ ആയ ഏതെങ്കിലും സ്ഥാപനത്തിലെ നിയോജനം.
2. ഏതെങ്കിലും അരി–മില്ലിലോ, മാവ്–മില്ലിലോ, പരിപ്പ്—മില്ലിലോ, ഉള്ള നിയോജനം.

3. ഏതെങ്കിലും പുകയില (ബീഡിയുണ്ടാക്കൽ ഉൾപ്പെടെ) നിർമ്മാണ ശാലയിലെ നിയോജനം.
4. ഏതെങ്കിലും തോട്ടത്തിലെ, അതായത്, കൊയിനാമരമോ, റബ്ബറോ, തേയിലയോ, കാപ്പിയോ വളർത്തുന്നതിനുവേണ്ടി സംരക്ഷിച്ചു പോരുന്ന ഏതെങ്കിലും എസ്റ്റേററിലെ നിയോജനം.
5. ഏതെങ്കിലും എണ്ണമില്ലിലെ നിയോജനം.
6. ഏതെങ്കിലും തദ്ദേശ അധികാരസ്ഥാനത്തിൻെറ കീഴിലുള്ള നിയോജനം.
7. റോഡുകളുടെ നിർമ്മാണത്തിലോ സംരക്ഷണത്തിലോ അല്ലെങ്കിൽ കെട്ടിടപ്പണികളിലോ ഉള്ള നിയോജനം.
8. കല്ല് പൊട്ടിക്കലിലോ കല്ലുടക്കലിലോ ഉള്ള നിയോജനം.
9. ഏതെങ്കിലും അരക്കുനിർമ്മാണശാലയിലെ നിയോജനം.
10. ഏതെങ്കിലും അഭ്രകം-വർക്ക്സിലെ നിയോജനം.
11. പബ്ലിക്ക് മോട്ടാർ ട്രാൻസ്പോർട്ടിലെ നിയോജനം.
12. തോൽ ഊറയ്ക്കിടുന്ന ശാലകളിലും തോൽ നിർമ്മാണശാലയിലുമുള്ള നിയോജനം.

ജിപ്സം ഖനികളിലെ നിയോജനം.

ബറൈററീസ് ഖനികളിലെ നിയോജനം.

ബാക്സൈററ് ഖനികളിലെ നിയോജനം.

മാൻഗനിസ് ഖനികളിലെ നിയോജനം.

കെട്ടിടങ്ങളുടെ സംരക്ഷണത്തിനുള്ള നിയോജനവും റൺവേയ്സിൻെറ നിർമ്മാണത്തിനും സംരക്ഷണത്തിനുമുള്ള നിയോജനം.

ചീനമണ്ണ് ഖനികളിലെ നിയോജനം.

കൈനൈററ് ഖനികളിലെ നിയോജനം.

ചെമ്പു ഖനികളിലെ നിയോജനം.

1952-ലെ ഖനികൾ ആക്ററിൻകീഴിൽ വരുന്ന കളിമണ്ണ് ഖനികളിലെ നിയോജനം.

1952-ലെ ഖനികൾ ആക്ററിൻകീഴിൽ വരുന്ന മാഗ്നസൈററ് ഖനികളിലെ നിയോജനം.

വെള്ള കളിമണ്ണ് ഖനികളിലെ നിയോജനം.

കല്ല് ഖനികളിലെ നിയോജനം.

## ഭാഗം II

കൃഷിയിലെ, അതായത്, മണ്ണിൽ കൃഷി ഇറക്കലും കൃഷിപ്പണി ചെയ്യലും, ഗവ്യവ്യവസായവും, ഏതെങ്കിലും കൃഷി വിഭവത്തിൻേറയോ, തോട്ടകൃഷിവിഭവത്തിൻേറയോ ഉത്പാദനവും, കൃഷിയും, വളർത്തലും വിളവെടുക്കലും, കന്നുകാലി വളർത്തലും, തേനീച്ചവളർത്തലും, കോഴിവളർത്തലും, കൃഷിക്കാരനോ കൃഷിസ്ഥലമോ കൃഷിപ്രവർത്തിക്ക് ആനുഷംഗികമായോ അതോട് ചേർന്നുചെയ്യുന്ന ഏതെങ്കിലും പതിവ് പ്രവർത്തനവും (ഏതെങ്കിലും കാട് വളർത്തൽ അല്ലെങ്കിൽ തടിവെട്ടൽ പ്രവർത്തനങ്ങളും) കൃഷി ഉല്പന്നങ്ങൾ വിപണിക്കായും, സംഭരണത്തിനോ വിപണിയിലേക്കോ, അല്ലെങ്കിൽ വിപണിയിലേയ്ക്കുകൊണ്ടുപോകാൻ വേണ്ടി വാഹനത്തിലേക്കോ ഉള്ള ഡെലിവറിക്കായും ഉള്ള തയ്യാറാക്കൽ ഉൾപ്പെടെ, ഏതെങ്കിലും രൂപത്തിലുള്ള കൃഷിപണിയിലെ നിയോജനം.